SRI M. K. VASUDEVAN NAIR
MALAYINKIL

9848
3958

# രാജർഷി

| പുസ്തകം 7 | 1116 തുലാം | ലക്കം 3. |
|---|---|---|

### മംഗളം.

രാജന്യനാമാരുടെ വാഴ്ത്തയാലോ
രാജനപതീത്ഥ്യാഖ്യ വഹിപ്പിതുഴി,
രാജർഷിയാമന്നുവരൻെറ യോമ്മ
രാജർഷിയിൽബ് ഭ്രുതി പുലത്തിടട്ടേ!

ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ.

## കവി സ്വതന്ത്രനായിരിക്കട്ടെ!

കവി സ്വതന്ത്രനായിരിക്കട്ടെ: അതു സാഹിത്യത്തിന്നൊരനുഗ്രഹമാണ്; ലോകത്തിന്നൊരാശ്വാസമാണ്. ആദർശത്തിലും, ആശയത്തിലും, ആവിഷ്കരണത്തിലും കവിയെ ലോകം വരിഞ്ഞുകെട്ടി ശ്വാസം മുട്ടിക്കാതിരിക്കട്ടെ. അതു ലോകത്തിന്നു നിർവ്വഹിക്കാവുന്ന ധാർമ്മികമായ ബാദ്ധ്യത മാത്രമാണ്. കവി സ്വതന്ത്രനായിരിക്കുന്നേടത്തോളം കാലം ലോകത്തിൻെറ സ്വാതന്ത്ര്യം സുരക്ഷിതമാണ്.

സാഹിത്യം സ്വഭാവേന ഒരു സ്വതന്ത്രകലയാണ്: വിഷയത്തിലെന്നപോലെ പ്രതിപാദനത്തിലും, വിമർശനത്തിലെന്നപോലെ ആസ്വാദനത്തിലും അതു സ്വതന്ത്രമാണ്. ഇന്നവിഷയത്തെക്കുറിച്ച് ഇന്നപ്രകാരത്തിൽ മാത്രം കവിതയെഴുതുക— അതുപോലെ, ഇന്നവിധത്തിൽ വിമർശിക്കുകയും, ഇന്നരീതിയിൽ ആസ്വദിക്കുകയും ചെയ്യുക— എന്ന ഒരനുശാസനം സ്വാഭാവികമായി സാഹിത്യത്തിന്നു ബാധകമല്ല. കവികളുടേയും സഹൃദയന്മാരുടേയും സമുചിതമായ സ്വാതന്ത്ര്യത്തി

ൻെറ വ്യവസ്ഥിതമായ സമ്മേളനം സാഹിത്യത്തിലെ വിശ്വമോഹനമായ ഒരു ദൃശ്യമാണ്. അതിൽക്കൂടെ സാഹിത്യത്തിൻെറ സ്വയംപ്രഭുത്വവും, അനശ്വരസൌന്ദര്യ്യവും എന്നെന്നും സ്ഫുരിക്കുന്നതായിക്കാണാം.

കവികളുടേയും സഹൃദയന്മാരുടേയും സ്വാതന്ത്ര്യമാകുന്ന രണ്ടു പാധികളിൽക്കൂടെയാണു സാഹിത്യത്തിൻെറ ജീവിതം ആവിഷ്കരിക്കപ്പെടുകയും, ആസ്വദിക്കപ്പെടുകയും ചെയ്യുന്നത്. ഈ രണ്ടുപാധികളിൽ ഏതെങ്കിലും ഒന്നു ബാധിക്കപ്പെടുകയോ, അനഹമായി നിയന്ത്രിക്കപ്പെടുകയോ ചെയ്യുന്നതായാൽ അതു സാഹിത്യത്തിൻെറ സജ്ജീവിതയെ സാരമായി ബാധിക്കുന്നതാണ്. ഇതിൽ മുഖ്യമായിട്ടുള്ളതു കവിയുടെ സ്വാതന്ത്ര്യമാണ്. ഈ ഉപന്യാസത്തിൽ പ്രധാനമായി അതിൻെറ സ്വഭാവത്തെ കഴിയുംവിധം വ്യക്തമാക്കുവാൻ മാത്രമാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ഒരു കവി സ്വതന്ത്രനായിരിക്കുക എന്നു നാം പറയുമ്പോൾ, അദ്ദേഹത്തിന്നുള്ള സ്വാതന്ത്ര്യത്തിൻെറ സ്വഭാവം, പരിമിതി ഇവയെക്കുറിച്ചു നമുക്കെന്തെങ്കിലും വ്യക്തമായ സങ്കല്പം ഉണ്ടായിരിക്കണം. ഒരു കവി ജനിക്കുന്നതു് ഒരു ആദശ്ത്തിൻെറ സന്ദേശം വഹിച്ചുകൊണ്ടാണ്; അദ്ദേഹം ജീവിക്കുന്നതു് ആ ആദശ്ത്തിൻെറ പ്രവൃത്തിപഥം വെട്ടിത്തെളിയിച്ചുകൊണ്ടാണ്; അദ്ദേഹം കൃതാത്ഥനാകുന്നതു് ആ പന്ഥാവിൻെറ സവ്വമോഹനമായ വിജയത്തിൽ ആത്മസംതൃപ്തി നേടിക്കൊണ്ടാണ്. മനുഷ്യജീവിതത്തിൻെറ പ്രവത്തനത്തിൽ അന്തമ്മുഖങ്ങളും, ബഹിമ്മുഖങ്ങളുമായ എല്ലാ ചിന്തകളേയും ചിത്തവൃത്തികളേയും തെള്ളിയോ തെറിച്ചോ പോകാതേയും, മങ്ങിയോ മയങ്ങിയോ പോകാതേയും തുല്യനിലയിൽ സംസ്കരിച്ചു വളത്തിക്കൊണ്ടുവരികയാണു കവി ചെയ്യുന്നതു്. വികാരവിചാരങ്ങളെ അഴിച്ചുവിടുകയോ അടക്കിനിത്തുകയോ ചെയ്യുന്നതിന്നു പകരം അവയെ സ്ഫുടംവെച്ചു ശുദ്ധീകരിക്കു—ചുരുക്കത്തിൽ അഴിച്ചുവിടുന്നതുകൊണ്ടുള്ള ദോഷത്തേയും, അടക്കിനിത്തുന്നതുകൊണ്ടുള്ള വൈരസ്യത്തേയും തീക്കുക— അതാണു കവിയുടെ ഉദ്ദേശ്യം.

ഈ ഉദ്ദേശ്യസിദ്ധിക്കു കവി കൈക്കൊള്ളുന്ന മാഗ്ഗം, ചിത്തവൃത്തികൾക്ക് ഒരുതരം പ്രത്യേക പരിശീലനം നൽകുക എന്നുള്ളതാണ്. സാഹിത്യത്തിലെ രസാസ്വാദം അത്തരത്തിലുള്ള ഫലവത്തായ ഒരു പരിശീലനമാകുന്നു. ആ പരിശീലനത്തിൽനിന്നു ലഭിക്കുന്ന സംസ്കാരമാണു മനുഷ്യജീവിതത്തിൻെറ മഹത്വത്തെ പ്രതിഷ്ഠിച്ചിട്ടുള്ളതു്.

ഈ പരിശീലനത്തിന്നുള്ള വിപുലവും സമുചിതവും ആയ സജ്ജീകരണമാണു കവികർമ്മം—അഥവാ സാഹിത്യം.

ആകയാൽ തൻെറ ഉദ്ദേശ്യം, മാർഗ്ഗം, പ്രവർത്തനം ഇവയ്ക്കുള്ള നിരുപാധികമായ സ്വാച്ഛന്ദ്യമാണു കവിയുടെ സ്വാതന്ത്ര്യത്തിൻെറ സ്വഭാവം. ആ സ്വാതന്ത്ര്യത്തിൻെറ സ്വഭാവത്തിന്നു ഹാനിതട്ടാത്ത വിധം അവയുടെ പരസ്പരസാപേക്ഷതയെ പരിരക്ഷിച്ച് അവയിൽനിന്നു വ്യതിചലിച്ചുപോകാതെ സൂക്ഷിക്കുക— അതാണ് ആ സ്വാതന്ത്ര്യത്തിൻെറ പരിമിതി.

ഈ നിലക്കു വീക്ഷിക്കുന്നപക്ഷം, ആദർശത്തെ രൂപവൽക്കരിക്ക, ചിത്തവൃത്തികളെ സംസ്കരിക്ക, ഇവയ്ക്കനുഗുണമായവിധം വികാരവിചാരങ്ങൾക്ക് ആകർഷകമായ രൂപം കൊടുക്കുക— ഈ വകയിലുള്ള സ്വയംനിർണ്ണയാവകാശമാണു കവിയുടെ സ്വാതന്ത്ര്യമെന്നു ചുരുക്കത്തിൽ നമുക്കു സങ്കല്പിക്കാവുന്നതാണ്. സ്വാതന്ത്ര്യം മനുഷ്യൻെറ ജന്മാവകാശമാണെങ്കിൽ സ്വാതന്ത്ര്യം കവിയുടേയും ജന്മാവകാശമാണ്.

സകല കലകളുടേയും സമുച്ചയമാണു സാഹിത്യമെന്ന സിദ്ധാന്തം ഒരു കവിയിൽ എല്ലാ കലാകാരന്മാരുടേയും വ്യക്തിത്വം സമുച്ചയിക്കപ്പെട്ടിരിക്കുന്നു എന്നു പരോക്ഷമായെങ്കിലും സംവദിക്കുന്നതായിരിക്കാം. വിവിധങ്ങളായ ഉപാധികളിൽക്കൂടെ മനുഷ്യനു സിദ്ധിക്കുന്ന സൌന്ദര്യബോധത്തെ ഏകമായ ഉപാധിയിൽ കൂട്ടിയിണക്കുകയാണു കവി ചെയ്യുന്നതു്. അതിനാൽ ബാഹ്യമായിക്കാണുന്ന കവിയുടെ സ്വാതന്ത്ര്യത്തെ വിശകലനം ചെയ്താൽ അതു പല സ്വാതന്ത്ര്യങ്ങളുടേയും വ്യവസ്ഥിതമായ കേന്ദ്രീകരണമാണെന്നു കാണാവുന്നതാണ്. ആകൃതിയുടെ അന്യൂനാനതിരിക്തതയിൽക്കൂടെ ശില്പിയും, വർണ്ണങ്ങളുടെ ജീവസ്ഫുരണശക്തിയിൽക്കൂടെ ചിത്രകാരനും, താളലയാനുസാരിയായ ഭാവപൂർണ്ണതയിൽക്കൂടെ ഗായകനും അർഹിക്കുന്ന സ്വാതന്ത്ര്യമോരോന്നും ഉൽകൃഷ്ടവും ഉജ്ജ്വലവുമായ ഭാവത്തിൽ ഏകത്ര ചേർന്നുകാണണമെങ്കിൽ സാഹിത്യകലയെത്തന്നെ പ്രാപിക്കേണ്ടിയിരിക്കുന്നു.

കവിയുടെ സ്വാതന്ത്ര്യത്തെ അപഗ്രഥിക്കുമ്പോൾ നാം ചെയ്യുന്നതു കലാകാരന്മാരുടെ സ്വാതന്ത്ര്യത്തിൻെറ വിഭജനമല്ല; സംയുക്തവും അഖണ്ഡവുമായ ആ സജീവസ്വാതന്ത്ര്യത്തിൻെറ ആത്മീയവും, സ്വാഭാവികവും,—ചിത്തവൃത്തിപരം—ശാരീരികവുമായ വിശകലനമാണ്. ഈ സ്വാതന്ത്ര്യത്തിൻെറ സമഗ്രമായ സ്വരൂപപ്രതിപത്തിക്കു വേണ്ടി നമുക്കതിനെ മൂന്നുപാധികളിൽക്കൂടി വിമർശനം ചെയ്തുനോക്കാം.

(1) ആദർശസംസ്ഥാപനസ്വാതന്ത്ര്യം. (2) ആശയസങ്കല്പനസ്വാതന്ത്ര്യം. (3) ആകൃതിസംവിധാനസ്വാതന്ത്ര്യം. എന്നിങ്ങനെ മൂന്നുവിധം സ്വാതന്ത്ര്യങ്ങളുടെ സ്വരൂപം ഗ്രഹിക്കുന്നതോടൊപ്പം കവിയുടെ സ്വാതന്ത്ര്യത്തിന്റെ സമഗ്രമായ ഒരു ബോധം നമുക്കു സിദ്ധിക്കുന്നതാണ്.

1) ആദർശസംസ്ഥാപനസ്വാതന്ത്ര്യം.

സാഹിത്യം ഏതൊരാദർശത്തെ മുൻനിർത്തി പ്രവർത്തിക്കുന്നു. എന്ന ചോദ്യത്തിന്നു വിവിധകാലത്തെ ജനസമുദായം വിഭിന്നരീതിയിൽ ഉത്തരം നൽകിയിട്ടുള്ളതായിക്കാണാവുന്നതാണ്. മനുഷ്യന്റെ വികാരങ്ങളേയും വിചാരങ്ങളേയും ഈശ്വരാഭിമുഖങ്ങളാക്കുകയും, അവയെ എന്നെന്നേക്കുമായി ഈശ്വരനിൽ ലയിപ്പിക്കുകയും സമുദായത്തിന്റെ പരമലക്ഷ്യമായി കരുതപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നു സാഹിത്യത്തിന്റെ ആദർശം ഈശ്വരാഭിമുഖത്വം അഥവാ ഈശ്വരസാക്ഷാൽക്കാരം എന്നുള്ളതായിരുന്നു. വൈദികസാഹിത്യത്തിൽക്കൂടി വെളിപ്പെടുന്ന അക്കാലത്തെ ജനസമുദായത്തിന്റെ ആദർശവും, വൈദികസാഹിത്യാദർശവും ഒന്നാണെന്ന ചരിത്രപരമായ അഭ്യൂഹം ഈ വാദത്തിന്ന് ഉപോൽബലകമായി സ്ഥിതിചെയ്യുന്നു.

മദ്ധ്യകാലത്തെ ജനസമുദായം അപ്രത്യക്ഷമായ ദൈവശക്തിയെ സങ്കല്പിക്കാൻ പ്രത്യക്ഷമായി ഒരുപാധി ആവശ്യമാണെന്നു കണ്ടു. രാജാക്കന്മാരേയും പ്രഭുക്കന്മാരേയും അത്തരം ഉപാധികളായി സങ്കല്പിക്കുകയും ചെയ്തു. അതോടൊപ്പം സാഹിത്യത്തിന്റെ ആദർശത്തിലും മുഖ്യമായ പരിവർത്തനം സംഭവിച്ചു. രാജപ്രഭാവം—അല്ലെങ്കിൽ പ്രഭുപ്രഭാവം എന്നു പറയപ്പെടുന്ന ശക്തിവിശേഷം സമുദായത്തിന്റെ നിയാമകശക്തിയായി സ്വീകരിക്കപ്പെട്ടു. അതിനെത്തുടർന്നു സമുദായത്തെ അതിലേക്ക് അഭിമുഖീകരിക്കേണ്ടതു സാഹിത്യത്തിന്റെ ആദർശമായി ഗണിക്കപ്പെടുകയും ചെയ്തു. രാമായണമഹാഭാരതാദികളും മററു കാവ്യങ്ങളും ഉൽഘോഷിച്ചിരുന്നതു് ഈ ആദർശത്തെയായിരുന്നു.

ആധുനികകാലത്താകട്ടെ, ഈശ്വരത്വവും പ്രഭുത്വവുമെല്ലാം മനുഷ്യവ്യക്തികളിൽ ഓരോന്നിലും അന്തർല്ലീനങ്ങളായ ശക്തിവിശേഷങ്ങളായി ഗണിക്കപ്പെട്ടു. അവയെ ക്രമീകരിക്കുകയും, വികസിപ്പിക്കുകയും, ആസ്വദിക്കയും, ആരാധിക്കയും ചെയ്യേണ്ടതു മനുഷ്യന്റെ കർത്തവ്യമായി പൊതുവിൽ സമ്മതിക്കപ്പെട്ടു. ആകയാൽ സാഹിത്യം പ്രജാപ്രഭുത്വത്തെ നൂതനമായ ആദർശമായി സ്വീകരിച്ചു. തന്മൂലം ഇന്നത്തെ

കവി, മന്ത്രർദ്രഷ്ടാക്കളുടെ ഭാവശുദ്ധിയോടും, പുരാണകർത്താക്കളുടെ സങ്കല്പശക്തിയോടും, മഹാകവികളുടെ വർണ്ണനാനൈപുണ്യത്തോടുംകൂടി, സമുദായത്തിൻെറ ഘടകമെന്ന കാരണത്താൽ ത്യാഗിയെ എന്നപോലെ ഭോഗിയെയും, പാപിയെ എന്നപോലെ പാവനനേയും സ്വന്തം കൃതികൾക്കു വിഷയമാക്കിത്തീക്കുന്നു.

സാഹിത്യത്തിൻെറ ആദശം ഈ വിധത്തിൽ വിഭിന്നകാലഘട്ടങ്ങളിൽ വിവിധപരിണാമങ്ങൾക്കു വിധേയമായിരുന്നുവെന്നു നാം കാണുന്നു. ആ വക പരിണാമങ്ങൾ കവിയുടെ സ്വാതന്ത്ര്യത്തിൻെറ ഫലങ്ങളും സമുദായത്തിൻെറ പുരോഗതിയെ സാരമായി സഹായിച്ചിരുന്നവയുമാണെന്നു ചരിത്രപരമായ ഒരു വാസ്തവവുമാകുന്നു. പ്രപഞ്ചഘടനയിൽ മനുഷ്യബുദ്ധി അവകാശപ്പെടുന്ന ആധിപത്യത്തിൻെറ സംസ്ഥാപനത്തിലുള്ള വ്യഗ്രതയിൽ— ഒരു പുനഃസംഘടനോദ്യമത്തിൽ— സമുദായഘടനയിൽ ഏതേതുതരത്തിലുള്ള പരിവത്തനങ്ങൾ സംഭവിക്കുമെന്നു പ്രവചിക്കാവുന്നതല്ലെങ്കിലും. അത്തരം പരിവത്തനങ്ങൾക്കു സാഹിത്യവുമായി ഉക്തരീത്യാ സമഞ്ജസമായ സംബന്ധം സംഭാവ്യമാണെങ്കിൽ അവ സാഹിത്യത്തിൻെറ ആദശമെന്നനിലയിൽ സ്വാഗതം ചെയ്യപ്പെടുകയും സാമൂഹ്യപുരോഗതിയെ ത്വരിപ്പിക്കുകയും ചെയ്യുമെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണ്.

സമുദായത്തിൻെറ ലക്ഷ്യവും, സാഹിത്യത്തിൻെറ ആദശവും തമ്മിലുള്ള ബന്ധത്തെപ്പററി ചിന്തിക്കുമ്പോൾ ഏതു് ഏതിനെത്തുടന്നുണ്ടാകുന്നു? എന്ന ചോദ്യം വീക്ഷണകോണത്തിൻെറ വ്യത്യാസമനുസരിച്ചു വ്യത്യസ്തങ്ങളായ ഉത്തരങ്ങളിൽ ചെന്നവസാനിച്ചേക്കാം. എന്നാൽ, കവി സമുദായത്തിൽ ജീവിക്കുകയും സമുദായത്തെ അതിജീവിച്ചു ചിന്തിക്കുകയും ചെയ്യുന്നു എന്നു വിശ്വസിക്കുന്നവന്, സാഹിത്യാദശത്തെ അനുവത്തിക്ക— അനുകരിക്ക— മാത്രമാണു സമുദായലക്ഷ്യം ചെയ്യുന്നതെന്നു് തുറന്നുപറയുവാൻ ആവശ്യമായ ധൈയ്യം ഉണ്ടായിരിക്കണം.

ആദശം പ്രകൃത്യാ പ്രവത്തനപരിധിയിൽപെടാതെ സങ്കല്പലോകത്തിൽ നിലകൊള്ളുന്നു. ലക്ഷ്യമാകട്ടെ, പ്രവത്തനപരിധിയിൽപെട്ടതികച്ചും പാരമാത്ഥികതയെ പ്രാപിക്കുന്നു. കവി, നാടകജീവിതത്തിൽ രംഗപ്രവേശം ചെയ്യാതെ നടന്മാരുടെ പിന്നിൽനിന്നുകൊണ്ടു ജീവിതത്തെ ചിത്രീകരിക്കയും സവിശേഷകൌതുകത്തോടെ വിമശിക്കുകയും (മിക്കപ്പോഴും നിഷ്പക്ഷമായി) ചെയ്യുന്നു. ഈ വിമശനം നൂതനമായ ഒരു തത്വത്തെ നമുക്കു ദൂരെ ചൂണ്ടിക്കാണിച്ചുതരുന്നു. ഇൗ തത്വം ജീ

വിതത്തിൻെറ ന്യൂനതകൾക്കുള്ള—വ്രണിതമായ ജീവിതത്തിന്നുള്ള—പരിപൂർണ്ണമായ പരിഹാരമാണ്—ഫലവത്തായ വിരോപണൌഷധമാണ്. പക്ഷെ, സമുദായത്തിന്ന് ആ തത്വത്തെ അതേനിലയിൽ പ്രവൃത്തിയിൽ കൊണ്ടുവരിക അസാദ്ധ്യമാണ്. അതു കാരണം, അതിനെ മുൻനിൎത്തി സമുദായം സ്വന്തമായ ഒരു ലക്ഷ്യത്തെ സൃഷ്ടിക്കുന്നു. അങ്ങനെ ആ ആദൎശം—തത്വം—ആ ലക്ഷ്യത്തിൽക്കൂടെ ജനസമുദായത്തിന്ന് ആശയും ആവേശവും നൽകിക്കൊണ്ടു ജീവിതത്തിൻെറ സജീവശക്തിയായി പരിണമിക്കുന്നു. കവിയുടെ സ്വതന്ത്രചിന്താഗതികളുമായി ഇടപഴകിയ സമുദായപ്രവൎത്തകൻ സ്വയം രൂപവൽക്കരിക്കുന്നു. സ്വന്തം പ്രവൎത്തനപരിപാടിയുടെ ജീവനാണു സമുദായലക്ഷ്യം. അതിൻെറ രൂപവൽക്കരണത്തിൽ കവിയുടെ ആദൎശത്തിന്ന് എത്രമാത്രം സ്വാധീനശക്തിയുണ്ടെന്ന് ഇപ്പോൾ വ്യക്തമായിരിക്കണം.

ഇതിൽനിന്നു നാം മനസ്സിലാക്കുന്നത്, ആദൎശരൂപവൽക്കരണവിഷയത്തിൽ കവിക്കുള്ള ഉത്തരവാദിത്വം ഗുരുതരവും, വിവിധനിലകളിൽ നിന്നുകൊണ്ടു വിമൎശിക്കപ്പെടാവുന്നതാകയാൽ ദുൎഗ്ഘടവുമായ ഒന്നാണെന്നാകുന്നു. അനവധി അഗ്നിപരീക്ഷകൾക്കും അസിധാരാവ്രതങ്ങൾക്കും ശേഷം മാത്രമേ അതിൻെറ പരിശുദ്ധിയും സുസ്ഥിരതയും തെളിയിക്കപ്പെടുകയുള്ളു.

എല്ലാവിധത്തിലുമുള്ള എതിൎപ്പുകളെ തട്ടിത്തും തകൎത്തും മുന്നോട്ടു നീങ്ങുന്നതിന്ന് ഓരോ ആദൎശത്തിന്നും നൈതികമായ അവകാശമുണ്ട്. പക്ഷേ, സ്വന്തം പുരോഗതിക്കു പ്രധാനാവലംബമെന്നു സമുദായം വിശ്വസിക്കുന്ന ഒരു ആദൎശത്തിന്നു മാത്രമേ ഒരു കാലഘട്ടത്തിൽ സ്വതന്ത്രമായി ജീവിക്കാനും വളരാനും സാധിക്കയുള്ളു.

അതിനാൽ ഒരു കവിക്കവകാശപ്പെടാവുന്ന ആദൎശസ്വീകരണസ്വാതന്ത്ര്യം ഇത്രമാത്രമാണ്. സമുദായത്തിന്ന് ഒരു ലക്ഷ്യവും, അതിനെ പ്രാപിക്കുന്നതിന്ന് ഒരു പ്രവൎത്തനമാൎഗ്ഗവും, അതു വഴിക്കുള്ള പുരോഗതിയും ആവശ്യമാണെന്നു തെളിയിക്കുക. ഈ ആവശ്യത്തിന്നനുഗുണമായ ചിന്തയും ചൈതന്യവും സമുദായാംഗങ്ങളിൽ വളൎത്തുക. ഇതിന്നെല്ലാം പ്രയോജനപ്പെടുന്ന ഒരാദൎശത്തെ—തത്വസമുച്ചയത്തെ—സങ്കല്പിക്കുന്നതിന്നും പ്രകാശിപ്പിക്കുന്നതിന്നുമുള്ള അനിഷേദ്ധ്യമായ ഒരവകാശമാണ് ആ സ്വാതന്ത്ര്യം.

അതിനെ സമുദായം കൈക്കൊള്ളണമെന്ന് അധികാരസ്വരത്തിൽ അനുശാസിപ്പാനോ, ഏതെങ്കിലും ബലത്തിൻെറ പിന്തുണയോ

ട്ടുകൂടി അതിനെ സമുദായത്തിൻെറ മേൽവെച്ചുകെട്ടുവാനോ യാതൊരു വിധത്തിലുമുള്ള സ്വാതന്ത്ര്യവും കവിയ്ക്കു സ്വാഭാവികമായി ലഭിച്ചിട്ടില്ല. സത്യത്തിൽക്കൂടെയുള്ള ആത്മവിശ്വാസത്തോടും, സൌന്ദര്യത്തിൽക്കൂടെയുള്ള ആകർഷണീയതയോടും, ആനന്ദത്തിൽക്കൂടെയുള്ള ശുഭാപ്തിവിശ്വാസത്തോടും വസ്തുതത്വത്തെ കവി വ്യക്തമാക്കുന്നു. ഇതു് ഇക്കാര്യത്തിലുള്ള കവിയുടെ സ്വാതന്ത്ര്യത്തിൻെറ അതിരാണു്. അതിന്നങ്ങേപ്പുറം—യാതൊരു നിബന്ധനത്തിന്നും വശംവദമാകാതെ സ്വീകരിക്കയോ ത്യജിക്കയോ ചെയ്യേണ്ടതു—സമുദായത്തിൻെറ സ്വാതന്ത്ര്യമാണു്. കവിയുടെ സ്വാതന്ത്ര്യത്തിൻെറ പരിമിതിയെക്കുറിച്ചു ബോധം കവിക്കെന്നപോലെ സമുദായത്തിന്നു് ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണു്.

2) <u>ആശയസങ്കല്പനസ്വാതന്ത്ര്യം.</u>

ആദർശം എന്നതു് ഒരു ബിന്ദുശക്തിയമാണു്. നിശിതമായ ബുദ്ധിശക്തിയും നിസ്സീമമായ സങ്കല്പസമ്പത്തും സ്വാധീനമുള്ള ദുർല്ലഭം ചിലരുടെ പ്രതിഭാസന്താനമായ അതു നിഷ്പന്ദമെന്നു തോന്നാവുന്നവിധം അത്ര തീവ്രചലനത്തോടുകൂടിയ ഒന്നാണു്. അതിനെ നമ്മുടെ ചിന്താശക്തിയുടെ കേന്ദ്രമാക്കിത്തീർക്കുന്നതു പൊതുവെ ദുസ്സാധമാണു്. അതിനാൽ ഒരു സാധാരണക്കാരൻെറ ചിന്താശക്തിയെ അതിലേക്കു തിരിച്ചുവിടുവാൻ ഉപായമെന്താണു്? ഈ ചിന്ത നിരന്തരമായി കവിഹൃദയത്തിൽ അലച്ചുകൊണ്ടിരുന്നു. അതിൻെറ ഫലമായി പല പരിവർത്തനങ്ങൾ സംഭവിച്ചു. ഒടുവിൽ കവി തത്വചിന്തകനിൽനിന്നു വേർപിരിഞ്ഞു.

ആദർശത്തിൻെറ ശക്തിമണ്ഡലത്തിന്നു ചുററും സുന്ദരമായ ഒരു പരിവേഷം സൃഷ്ടിക്കുക— അല്ലെങ്കിൽ, ആ ബിന്ദുശക്തിക്കു സൌന്ദര്യസാരാംശംകൊണ്ടു സുകുമാരമായ ഒരാവരണം നെയ്തുണ്ടാക്കുക— അങ്ങനെ അതിൻെറ തീവ്രതയും ദുർഗ്രഹതയും പരിഹരിക്കുക— അതാണു തത്വചിന്തകനിൽനിന്നു വേർപിരിയുമ്പോൾ കവിയ്ക്കു സ്വന്തമായിട്ടുണ്ടായിരുന്ന സ്വതന്ത്രോദ്ദേശ്യം. ഈ ഉദ്ദേശ്യനിർവ്വഹണത്തിന്നാവശ്യമായിരുന്നതു സൂക്ഷ്മങ്ങളല്ലെങ്കിലും സുകുമാരങ്ങളായ ആശയങ്ങളായിരുന്നു. സ്ഥൂലബുദ്ധികൾക്കുപോലും ഇത്തരം ആശയങ്ങൾമുഖേന സൂക്ഷ്മമായ ആദർശത്തെ ആത്മസാക്ഷാൽക്കരിക്ക എളുപ്പമാണു്. ഈ സുകുമാരാശയങ്ങൾ, അലോകസാധാരണമായ ഒരാകർഷണശക്തിയുടെ കേന്ദ്രങ്ങ

ളാകയാൽ സാഹിത്യത്തിൻെറ ആദർശത്തേയും സാമാന്യജനങ്ങളുടെ ഹൃദയത്തേയും അന്യോന്യാകർഷണത്തിന്ന വിധേയങ്ങളാക്കുന്നു.

സുകുമാരാശയങ്ങൾ എന്നിവിടെ പ്രസ്താവിച്ചിട്ടുള്ളതു് ആനന്ദകലകളെ ഉത്തരളീകരിക്കയോ, സ്വയം ആനന്ദകലകളായി പരിണമിക്കയോ ചെയ്യുന്ന ചിന്താപ്രതാനങ്ങളെക്കുറിച്ചാണ്. ഏതുതരത്തിലുള്ള ചിന്തകളെത്തുടന്ന് അനുസ്യൂതമായി ആനന്ദം ഉദിക്കുമെന്നും, അവയെ അനുക്രമമായി എങ്ങനെ ഉണത്തിവിടണമെന്നും, അതിന്ന് ഏതുവിധത്തിലുള്ള പശ്ചാത്തലം കണ്ടുപിടിക്കണമെന്നും നിണ്ണയിക്കുന്നതിന്ന് ഒരു കവി എപ്പോഴും ഉൽസുകനായിരിക്കും. ഗ്ഗാദൈകമയമായ സാഹിത്യത്തിൻെറ വിവിധശാഖകളിൽക്കൂടെയുള്ള വിഭിന്നചിന്താപഥങ്ങളെ സൃഷ്ടിക്കുമ്പോൾ കവി തികച്ചും സ്വതന്ത്രനായിരിക്കണം. ഒരു നാടകമെഴുതുന്ന കവിയോട്ട് ഇടക്കു കടന്ന്, എന്താ 'മഹാകാവ്യമെഴുതാതിരിക്കുന്നതു്?' എന്നു ചോദിക്കുക— ഒരാഖ്യായിക എഴുതിയ സാഹിത്യകാരനോട്ട് എന്തേ ചെറുകഥ എഴുതാതിരുന്നതെന്നു ശാസിക്കുക— എന്നു തുടങ്ങിയവ കവിയുടെ ആശയസങ്കല്പനസ്വാതന്ത്ര്യത്തെ അനഘമായി ചോദ്യം ചെയ്യുകയായിരിക്കും. എന്നാൽ, ഒരു മഹാകാവ്യത്തിൽ മാത്രം വിലപ്പോകുന്ന വൃഥാസ്ഥൂലങ്ങളായ ആശയങ്ങൾ ഒരു നാടകത്തിൽ കുത്തിത്തിരുകി എന്നു ചൂണ്ടിക്കാണിക്കുമ്പോൾ— ഒരു ചെറുകഥയിൽ ഒളിഞ്ഞുനില്ക്കേണ്ട മുഗ്ദ്ധചിന്തകളെ ഒരാഖ്യായികയിൽ പ്രൌഢരീതിയിൽ പ്രകടീകരിച്ചിരിക്കുന്നു എന്നു എടുത്തുപറയുമ്പോൾ—കവിയോ സാഹിത്യകാരനോ നെററി ചുളിക്കാതിരിക്കട്ടെ.

ആദർശത്തിലേക്കുള്ള മാർഗ്ഗം എന്ന നിലയിൽ ആശയങ്ങൾ കവിയുടെ സ്വതന്ത്രകല്പനാസന്താനങ്ങൾ ആകുന്നു. ഈ കല്പനാസ്വാതന്ത്ര്യത്തിൻെറ ഫലമായിട്ടാണു സാഹിത്യം, ഭട്ടികാവ്യംപോലുള്ള ശാസ്ത്രകാവ്യം തുടങ്ങി ശാകുന്തളംപോലുള്ള രൂപകരണങ്ങൾവരെയുള്ള നാനാമാർഗ്ഗങ്ങളിലൂടെ ശാഖോപശാഖകളായി തഴച്ചു വളൻവന്നിട്ടുള്ളതു്. ഈ വളച്ചയുടെ അടിസ്ഥാനത്തെപ്പററി കവിയുടേയും വിമർശകൻേറയും നടുക്കു നിന്നുകൊണ്ടു നിഷ്പക്ഷമായി നിരൂപണം ചെയ്യുന്നപക്ഷം, ഈ വിവിധശാഖകൾ, ആവിഷ്കരണത്തിലുള്ള കവിഹൃദയത്തിൻെറ സംസ്കാരതാരതമ്യത്തെയല്ല ആസ്വദിക്കുന്നതിലുള്ള വായനക്കാരുടെ സഹൃദയത്വതാരതമ്യത്തെയാണു പുരസ്കരിച്ചിട്ടുള്ളതെന്ന വസ്തുതത്വം മാത്രമാണു വെളിപ്പെടുന്നതു്. അതിനാൽ കവിയ്ക്കു നൽകപ്പെട്ടിരിക്കുന്ന ഈ സ്വാതന്ത്ര്യം സഹൃദയന്മാരുടെ സംസ്കാരതാരതമ്യത്തെ സാഹിത്യ

ത്തിൻെറ വിവിധശാഖകളുടെ ആവിർഭാവത്തിന്ന് അടിസ്ഥാനമായി സ്വീകരിക്കയും, രുചിഭേദത്തിന്നു സാഹിത്യത്തിലുള്ള അർഹതയെ നീതീകരിക്കയും ചെയ്തിരിക്കുന്നു.

3) ആകൃതിസംവിധാനസ്വാതന്ത്ര്യം.

സാഹിത്യത്തിൻെറ ആദർശത്തെ മുൻനിർത്തിയ ആത്മീയപ്രഭാവത്തേയും, ആശയത്തെ ഉൾക്കൊണ്ട മാനസികവൈകാരികാവസ്ഥയേയും അധികരിച്ച ഏതാനും സംഗതികൾ നാമിപ്പോൾ മനസ്സിലാക്കിയിരിക്കണം. അവ രണ്ടിലുമുള്ള കവിയുടെ സ്വാതന്ത്ര്യത്തിൻെറ നിലയും ഏതാണ്ടു നാം കണ്ടുകഴിഞ്ഞിരിക്കണം. തുടൎന്നുകൊണ്ടു ചിന്തിക്കപ്പെടേണ്ടതായി അവശേഷിച്ചിട്ടുള്ളതു്, ആശയങ്ങൾക്ക് ആകൃതിനൽകുന്ന വിധവും, അക്കാൎയ്യത്തിൽ കവിയുടെ സ്വാതന്ത്ര്യത്തിൻെറ നിലയും ആകുന്നു. കവിയുടെ സങ്കല്പഭൂമിയിൽ സംവിശേഷം സ്ഫുരിക്കുന്ന വൈകാരികങ്ങളായ ആശയങ്ങൾ, സമുചിതങ്ങളായ ബാഹ്യരൂപങ്ങൾ നൽകപ്പെടുന്നതുവരെ, സഹൃദയഹൃദയങ്ങളെ അനുപ്രവേശിക്കുന്നതിന്നോ, അവയുടെ അലോകസാധാരണമായ ആകൎഷണശക്തിയെ വ്യക്തമാക്കുന്നതിന്നോ ശക്തങ്ങളാകുന്നില്ല. അതിനാൽ ഹൃൽഗതങ്ങളെ അന്യനെ ധരിപ്പിക്കുവാൻ മനുഷ്യൻ പൊതുവെ കൈക്കൊണ്ട ഭാഷയെത്തന്നെ ഈ കാൎയ്യസാദ്ധ്യത്തിന്നായി കവിയും കൈക്കൊണ്ടു. കവിയുടെ ആശയങ്ങൾ കവിയുടെ ഭാഷയിൽക്കൂടി രൂപമെടുക്കുമ്പോൾ ലോകോത്തരചമൽക്കാരകാരികളായിത്തീരുന്നു.

ആശയങ്ങളുടെ ആകൃതിസംവിധാനം കവിഗതങ്ങളായ വ്യാപാരങ്ങളുടെ വിരാമബിന്ദുവാണ്. പക്ഷെ അവിടെനിന്നാണു സഹൃദയൻെറ പ്രവൎത്തനം ആരംഭിക്കുന്നതെന്നുള്ളതുകൊണ്ട് അതു തുലോം മുഖ്യവുമാകുന്നു. എന്നു മാത്രമല്ല, സ്ഥൂലമായ ഈ ശരീരത്തിൻെറ ഘടനയിൽ പലതും ആവശ്യമായി വരുന്നതുകൊണ്ടു കവിയുടെ ഏകാഗ്രതയ്ക്ക് ഏകകാലത്തിൽതന്നെ പലതും വിഷയമാകേണ്ടിയിരിക്കുന്നു. ഒരിടത്തു മാത്രം വന്നുചേരുന്ന അനവധാനത കൃതിയെ ഒന്നാകെ അശ്രദ്ധേയമാക്കിത്തീൎത്തേക്കാം. അതിനാൽ ഈ വിഷയത്തിലും കവിയുടെ ഉത്തരവാദിത്വം ഗരിഷ്ഠമായിത്തന്നെ ഗണിക്കപ്പെടേണ്ടതാകുന്നു.

ആശയങ്ങളുടെ ആകൃതിസംവിധാനത്തിൽ, ബാഹ്യവും ആഭ്യന്തരവുമായി ശബ്ദാൎത്ഥങ്ങളുടെ സ്വരൂപത്തിലും സംഘടനയിലും വരുന്ന വൈചിത്ര്യത്തെക്കുറിച്ചു ബഹുമുഖമായ വിജ്ഞാനം അപേക്ഷിതമാകുന്നു. ആ വിജ്ഞാനത്തിൻെറ വെളിച്ചത്തിൽക്കൂടെ ആശയങ്ങൾക്ക്

അനന്തവൈചിത്ര്യത്തിന്നധിഷ്ഠാനമായ അത്തരം ആകൃതികൾ നൽകുവാൻ കവി സ്വതന്ത്രനായിരിക്കുന്നതു് ആവശ്യമാണു്. ആദർശത്തേയും ആശയങ്ങളേയും, നാം നിരൂപിച്ച നിലയിൽ ഒന്നു പുനരനുസന്ധാനം ചെയ്യുന്നതായാൽ, അവയ്ക്കു നൽകപ്പെടുന്ന ആവരണത്തിന്റെ അന്തിമപടലമാണു് ഈ രൂപസംവിധാനമെന്നു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. ആ നിലക്കു് ആനുപാതികമായ സ്വാതന്ത്ര്യം ഈ വിഷയത്തിലും കവി സ്വാഭാവികമായി അർഹിക്കുന്നുണ്ടു്. എന്നു തന്നെയല്ല, ആദർശത്തിന്റെ ആത്മീയപ്രഭാവത്തിന്നും, ആശയങ്ങളുടെ വിവിധതയെ പുരസ്കരിച്ച വൈചിത്ര്യവിശേഷത്തിന്നും നൽപ്പെട്ട സ്വാതന്ത്ര്യത്തിന്റെ സംരക്ഷണത്തിന്നു്, അവയെ ഉൾക്കൊള്ളുന്ന ആകൃതി— ഭാഷയുടെ രൂപവിധാനത്തിലും കവി സ്വതന്ത്രനായിരിക്കുന്നതു് ആവശ്യമാണെന്നുള്ളതു യുക്ത്യനുരൂപവുമാണു്. ആശയങ്ങളെ ആദ്ധ്യാത്മിക നിഗൂഢതയിൽ പ്രതിപാദിക്ക എന്നു തുടങ്ങി യഥാതഥരീത്യാ ആവിഷ്കരിക്ക എന്നു വരെയുള്ള എല്ലാ കവികർമ്മത്തിന്നും ഈ സ്വാതന്ത്ര്യമാണു പ്രചോദനം നൽകിയിട്ടുള്ളതെന്നു മനസ്സിലാകുമ്പോൾ ആ സ്വാതന്ത്ര്യം ഒരിക്കലും അസ്ഥാനത്തായിട്ടില്ലെന്നു നമുക്കാശ്വസിക്കാവുന്നതാണു്.

ഇവിടെ പ്രതിപാദിക്കപ്പെട്ട മൂന്നുതരം സ്വാതന്ത്ര്യത്തിന്റെ വിവിക്തമായ പരിമിതിയിൽ വിഹരിച്ചുകൊണ്ടു കവിയുടെ സ്വാതന്ത്ര്യം വളൻവരട്ടെ! അതു ലോകത്തിന്റെ സാംസ്കാരികമായ ആരോഗ്യത്തിന്റെ വളർച്ചയ്ക്കു് അത്യന്താപേക്ഷിതമാണു്. ആ സ്വാതന്ത്ര്യത്തെ തടയുവാനുള്ള ലോകത്തിന്റെ ഏതുദ്യമവും, പുതിയ ലോകഘടനയ്ക്കാവശ്യമാണെന്നു പറഞ്ഞു് അതിന്മേൽ ചെയ്യുന്ന ഏതു നിയന്ത്രണവും, മററുവിധത്തിൽ എത്രതന്നെ ഗുണകരമായിരുന്നാലും കലാപരമായ ഒരു അധഃപതനത്തിന്നു വഴിവെക്കുമെന്ന ഏകകാരണത്താൽ തടയപ്പെടേണ്ടതാണു്.

ഈ സ്വാതന്ത്ര്യത്തെ സംരക്ഷിപ്പാൻ ലോകത്തിന്നു ബാദ്ധ്യതയുണ്ടു്; ദുരുപയോഗപ്പെടുത്താതെ സൂക്ഷിപ്പാൻ കവിയ്ക്കും ചുമതലയുണ്ടു്. കവിയുടെ ആദർശം സമുദായത്തിന്റെ സംതൃപ്തിക്കും സമാധാനസ്ഥിതിക്കും അനുഗുണമല്ലാതിരിക്കുക,— കവിയുടെ ആശയങ്ങൾ സമുദായത്തിന്റെ ചിന്താഗതികളോടു് ഇണങ്ങാതെ നില്ക്കുക—അല്ലെങ്കിൽ സമുദായത്തിൽ വിരുദ്ധചിന്താഗതികളെ ഉല്പാദിപ്പിക്കുന്നതായിരിക്കുക,— കാവ്യശരീരം കലാപരങ്ങളായ തത്വങ്ങളെ അനുഗമിക്കുന്നില്ലെ

PRESENTED BY: SRI M. K. VASUDEVAN NAIR ... VEEDU ... 

ന്ന് അനുഭവംകൊണ്ടു സമുദായത്തിന്നു ബോദ്ധ്യപ്പെട്ടിരിക്കുക— ഈ പരിതഃസ്ഥിതിയിൽ കവി സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തിയിരിക്കുന്നുവെന്നു സമുദായം വിശ്വസിക്കുന്നു. അങ്ങനെ, അനുവദിക്കപ്പെട്ട സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്ന കവികളുടെ നേരെ ലോകത്തിലെ ചിന്തകന്മാരെല്ലാം— കലാകാരന്മാരെല്ലാം— കർമ്മനിഷ്ണാതന്മാരെല്ലാം ഒരേ സ്വരത്തിൽ പ്രതിഷേധം പുറപ്പെടുവിക്കുന്നു. അതിനാൽ അങ്ങനെയുള്ള ദുരുപയോഗം സ്വാതന്ത്ര്യത്തിന്നു സംഭവിക്കാതിരിപ്പാൻ കവി ചില ധാർമ്മികനിബന്ധനകൾക്കു സ്വയം വിധേയനാകുന്നു. കവിയ്ക്കു വിമർശകനോടും വിമർശനശാസ്ത്രത്തോടുമുള്ള വിധേയത അത്തരത്തിലുള്ള സ്വന്തം രക്ഷാനിബന്ധന മാത്രമാണ്. *

സാഹിത്യശിരോമണി, കെ. പി. ശിവരാമപിഷാരടി.

---

* ഈ ലേഖനം, സാഹിത്യം ഉപദേശപ്രധാനമാണെന്ന സംസ്കൃതാലങ്കാരികന്മാരുടെ വാദത്തിൻെറ സാരാംശത്തെ സ്വതന്ത്രമായി പ്രപഞ്ചനം ചെയ്യുന്ന ഒന്നാണ്.

## വഞ്ചീശമംഗളം.

മാമൂലാശ്രമവർണ്ണധർമ്മമിവയെ-
ക്കേടുള്ളതെല്ലാം കള-
ഞ്ഞാമൂലം നവരീതിചേർത്തു നിലനി-
ർത്തിക്കാത്തുരക്ഷിപ്പവൻ.
ശ്രീമൂലം നിജനാട്ടുകാർക്കു നിയതം
ശ്രീചിത്രനക്ഷത്രജൻ
ശ്രീമൂലത്തിനു മാററുകൂട്ടി വിജയി-
ക്കട്ടേ വിശുദ്ധാശയൻ.

നടുവത്ത് ശങ്കരൻ നമ്പൂരി.

ശ്രീവഞ്ചിക്ഷിതിപാലകൻ ശ്രിതജനോ-
ദാരൻ ഗുണശ്രേണിയാൽ
ഭൂവാകെപ്പുകൾ പൂണ്ട പുണ്യപുരുഷൻ
പൂമങ്ക പുൽകും പുരാൻ
ശ്രീവാഴുന്നൊരു ചിത്തിരർക്ഷജനലം
ശ്രീപത്മനാഭങ്കലുൾ-
പ്പൂവർപ്പിച്ചിതുപോൽ ചിരമരുവിടാ-
നീശൻ കനിഞ്ഞീടണം.

രാജർഷി.

## കിളിപ്പാട്ടുവൃത്തങ്ങൾ.

എഴുത്തച്ഛന്റെ കൃതികളായ ഭാരതം, രാമായണം എന്നീ കൃതികളിൽ ഉപയോഗിച്ചിരിക്കുന്ന വൃത്തവിശേഷങ്ങളെയാണ 'കിളിപ്പാട്ടുവൃത്തങ്ങൾ' എന്ന പേരുകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. കാകളി, കളകാഞ്ചി, മണികാഞ്ചി, അന്നനട, കേക എന്നിവയാണല്ലോ മേൽപ്പറഞ്ഞ കിളിപ്പാട്ടുകളിൽ കൈക്കൊണ്ടിരിക്കുന്ന വൃത്തങ്ങൾ. അവയുടെ സ്വരൂപം, ആഗമം, പരിണാമം മുതലായവയെക്കുറിച്ചാണ് ഈ പ്രകരണത്തിൽ വിവരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്.

കിളിപ്പാട്ടുവൃത്തങ്ങളെല്ലാം എഴുത്തച്ഛനാൽ ഉപജ്ഞാതങ്ങളാണെന്നു കുറേക്കാലം മുമ്പുവരെ കേരളീയരിൽപ്പലരും വിശ്വസിച്ചിരുന്നു. എന്നാൽ, ഗവേഷണവിചക്ഷണനായ മഹാകവി ഉള്ളൂർ എന്റെ വന്ദ്യഗുരുനാഥനും പ്രസിദ്ധ പണ്ഡിതനുമായ ശിരോമണി പി. കൃഷ്ണൻ നായർ മുതലായവർ വൃത്തസംബന്ധമായി ചെയ്തിട്ടുള്ള ഗവേഷണത്തിന്റെ ഫലമായി ആ വിശ്വാസത്തിനു സാരമായ ഹാനിനേരിട്ടിരിക്കുന്നു. എഴുത്തച്ഛന്റെ കാലത്തിനു മുമ്പുതന്നെ മലയാളകവികൾ പ്രസ്തുത വൃത്തങ്ങളിൽച്ചിലതു കാവ്യനിബന്ധനത്തിന് ഉപയോഗിച്ചിരുന്നുവെന്നും അവയുടെ മൂലസ്ഥാനം തമിഴ് വൃത്തങ്ങളാണെന്നും വേണ്ടത്ര യുക്തികളോടുകൂടി സ്ഥാപിച്ചിട്ടുണ്ടു്. കേരളീയവൃത്തങ്ങൾക്കു തമിഴ് വൃത്തങ്ങളോട് അഭേദ്യമായ ബന്ധമുള്ളതുകൊണ്ടു തമിഴിലെ പ്രധാനമായ വൃത്തസാമഗ്രികളെക്കുറിച്ചു സാമാന്യമായി ഇവിടെ വിവരിക്കേണ്ടിയിരിക്കുന്നു.

* "തമിഴിലെ ഛന്ദശ്ശാസ്ത്രത്തിലടങ്ങിയിരിക്കുന്നതു പ്രധാനമായി വെൺപാ, ആശിരിയപ്പാ, വഞ്ചിപ്പാ, കലിപ്പാ എന്നു നാലു പാക്കളും തുറൈ, താഴിമൈ, വിരുത്തം എന്നു തൽസംബന്ധിയായ മൂന്നു പാവിനങ്ങളുമാണ്. അവയ്ക്ക് എഴുത്ത്, അശൈ, ശീർ, തളൈ, അടി, തൊടൈ എന്നു പ്രധാനമായി ആറംഗങ്ങളാണുള്ളതു്." ഇവയിൽ കിളിപ്പാട്ടുവൃത്തങ്ങളുടെ നിരൂപണത്തിനാവശ്യകമായ അശൈ, ശീർ എന്നിവയുടെ സ്വരൂപത്തെ സംക്ഷിപ്തരൂപത്തിൽ പ്രതിപാദിക്കാം. *

"അശ നേരശയെന്നും നിരൈയശ എന്നും പ്രധാനമായി രണ്ടു പ്രകാരത്തിലാകുന്നു. ഹ്രസ്വമോ ദീർഘമോ ആയ ഒരക്ഷരം വ്യംജന

* 'ആട്ടക്കഥ അല്ലെങ്കിൽ കഥകളി' എന്ന ഗ്രന്ഥത്തിൽനിന്നു്.

* വിവരിച്ചറിയണമെന്നുള്ളവർ മുൻപറഞ്ഞ പുസ്തകം നോക്കിക്കൊള്ളുക.

ത്തോടു ചേൎന്നോ ചേരാതെയോ ഇരിക്കുന്നതു നേരശ." അ, ക, ആ, കാ, അല്, കല്, ആൺ, കാൺ എന്നിവയോരോന്നും നേരശയ്ക്കു് ഉദാഹരണമാകുന്നു. "ആദ്യത്തേതു ഹ്രസ്വവും രണ്ടാമത്തേതു ഹ്രസ്വമോ ദീൎഘമോ ആയ അക്ഷരദ്വയസമുദയം നിരെയശ." അരി, കരി, അരം, കരം, അരാ, വരാ, ഇറാൽ, വരാൽ എന്നിവ ഓരോന്നും നിരെയശയുടെ ലക്ഷ്യമാകുന്നു.

"രണ്ടോ മൂന്നോ, അശയോടുകൂടിയതാണു ശീർ എന്നു സാമാന്യമായ അഭിപ്രായം. രണ്ടശയോടുകൂടിയ ഈരശൈച്ചീരിനെ ഇയൎച്ചീരെന്നു പറയും." മൂന്നശയുള്ള ശീരിന്നു മൂവശൈച്ചീരെന്നാണു പേർ പറയുക.

കിളിപ്പാട്ടുവൃത്തങ്ങളെക്കുറിച്ചു പറയുമ്പോൾ ഇത്രത്തോളം തമിഴ്‌വൃത്തസാമഗ്രികളുടെ പരിജ്ഞാനം മാത്രമേ അത്യാവശ്യകമായി വരികയുള്ളൂ. ഇനി കിളിപ്പാട്ടുവൃത്തങ്ങളുടെ നിരൂപണത്തിലേക്കു കടക്കാം.

1) കാകളി.

"മാത്രയഞ്ചക്ഷരം മൂന്നിൽ
വരുന്നോരു ഗണങ്ങളെ
എട്ടുചേൎത്തുള്ളീരടിക്കു
ചൊല്ലാം കാകളിയെന്നു പേർ." എന്നാണല്ലോ വൃത്തമഞ്ജരിയിലെ കാകളീലക്ഷണം. ഒരു ഗണത്തിനു് അഞ്ചു മാത്രയും മൂന്നക്ഷരവും വീതമുള്ള എട്ടു ഗണങ്ങളടങ്ങിയ ഈരടിക്കാണു കാകളിയെന്നു സംജ്ഞ.

"വാട്ടമി|ല്ലാതവേ|ഗേനന|ദികളിൽ
കാഷ്ഠങ്ങ|ളെന്നക|ണക്കേധ|രിക്കനീ." എന്ന ഈരടി ഈ വൃത്തത്തിനു് ഉദാഹരണമാകുന്നു.

കാകളിയുടെ മൂലസ്ഥാനം തമിഴിലെ കലിവിരുത്തമാണെന്നു് ഊഹിക്കുവാൻ വഴി കാണുന്നുണ്ടു്. പാദമൊന്നിനു നാലു ശീരുവീതമുള്ള നാലു പാദങ്ങളടങ്ങിയതാകുന്നു കലിവിരുത്തം.

"അത്തി|രുത്തക|നാട്ടിനെ|യണ്ടർനാ-
ടൊത്തി|രുക്കുമെൻ|റാലുരൈ|യൊക്കുമോ?
എത്തി|റത്തിനു|മേഴല|കുംപുകൾ
മുത്തും|മുത്തമി|ഴംതന്തു|മുററുമോ?"

എന്ന കമ്പരാമായണപദ്യം ഈ വിരുത്തത്തിലെ പല പ്രഭേദങ്ങളിലൊ

ന്നിന്റെ ലക്ഷ്യമാണ്. ഇതാണ മലയാളത്തിൽ പാനയായി പരിണമിച്ചിരിക്കുന്നതു്.

"വണ്ണ മേലും മരാമരം കൊണ്ടുട-
ത്തണ്ണ യാക്കി യകമ്പനൻ മെയ്യെല്ലാം." എന്ന രാമചരിതപംക്തികളും ഈ ഇനത്തിൽപ്പെട്ടവയാണ്. കലിവിരുത്തത്തിന്റെ തന്നെ മറെറാരു പ്രഭേദമാണ്,

(a) "അണന്ത।മാരുതി।ക്കഞ്ചി।യരക്കരും
പിണഞ്ഞു।മണ്ടിനർ।പേടി।പെരുത്തെങ്ങും."

എന്ന രാമചരിതത്തിലെ വരികളിൽക്കാണുന്നതു്. ആദ്യത്തെ ഉദാഹരണത്തിൽനിന്ന് അല്പം ഭേദം മാത്രമേ ഇതിനുള്ളു. പാദാദിയിലുള്ള ഗുരുവിന്റെ മുമ്പിൽ ഒരു ലഘു കൂടിച്ചേർത്തുവെന്നുള്ളതാണതു്. പാദാദിയിലെ ഒരു ഗുരുവിനു പകരം രണ്ടു ലഘു ചേർത്തുകൊണ്ടുള്ള ഉദാഹരണങ്ങളുമുണ്ടു്.

(b) "തുനി।ചെയ്യാമെന।ത്തോൻറി।യകമ്പനൻ
കണകം।തൂകിനൻ।കാണരു।താംവണ്ണം" എന്ന രാമചരിതത്തിലെ വരികളും,

"ഉരുവ।മാമതി।വാൺമുക।ത്തോടിയ
വിരുവി।ലുമ്മെറി।മാമക।ര ക്കുഴൈ
തിരുവി।ലുമ്മിവൈ।തേമൊഴി।മാതരൈ-
പ്പൊരുവി।നീഇതർ।പോക്കുവ।പോൻറവേ" എന്ന ജീവകചിന്താമണിയിലെപ്പദ്യവും താദൃശമായ കലിവിരുത്തത്തിൽ നിബദ്ധമാകുന്നു. ഇവ കൂടാതെ പാദങ്ങളിലെ ആദ്യഗണത്തിന്റെ (ശീരിന്റെ) പ്രഥമാക്ഷരം ഗുരുവും രണ്ടാമത്തേതു ലഘുവുമായിട്ടും വരാവുന്നതാണ്. (c) ഇതിനു ദൃഷ്ടാന്തമാകുന്നു,

"ചേവടി।യമ്പൊടു।ചേർത്തു।പണിന്തുടൻ
നീവെളി।വിട്ടുനി।ചാചര।ചേനയെ" എന്ന രാമചരിതപാദങ്ങൾ. കലിവിരുത്തത്തിന്റെ തന്നെ പാദാദ്യക്ഷരങ്ങൾ രണ്ടും ഗുരു (d) വായിട്ടുള്ള വേറൊരു വിഭാഗമാകുന്നു,

"വണ്ടാർ।കുവളൈയ।വാവിയും।പൊയ്കയും
കണ്ടാർ।മനംകവർ।കാവും।കുഞലിയ" എന്നീ വരികളിൽ കാണുന്നതു്. അവസാനം പറഞ്ഞ രണ്ടു കലിവിരുത്തപ്രകാരങ്ങളാണ മലയാളത്തിൽ കാകളിയായിപ്പരിണമിച്ചതു്. മലയാളികൾക്ക് ഓരോ ഗണത്തിനും ഇത്രയിത്ര അക്ഷരം വേണമെന്നു നിയമമുണ്ടെങ്കിലും തമി

ഴക്കതില്ല. അവക്ക് ഓശയാണു പ്രധാനം. അതുകൊണ്ടാണ് അ ക്ഷരനിയമാദികളിൽ ശ്രദ്ധിക്കാത്തത്.

2) കളകാഞ്ചി. ഇതു് കാകളിയുടെതന്നെ ഒരു പരിഷ്കൃതരൂപമാകുന്നു.

"കാകളിക്കാദ്യപാദാദൌ
രണ്ടോ മൂന്നോ ഗണങ്ങളെ
അയ്യഞ്ചു ലഘുവാക്കീടിൽ
ഉളവാം കളകാഞ്ചികേൾ." എന്നാണു രാജരാജവർമ്മകൃതമായ കളകാഞ്ചിലക്ഷണം. കാകളിയുടെ ആദ്യപാദത്തിലെ ആദ്യത്തെ രണ്ടോ മൂന്നോ ഗണങ്ങളെ അയ്യഞ്ചു ലഘുവാക്കിയാൽ കളകാഞ്ചിയായി. രണ്ടാമത്തെ പാദം രണ്ടിനും ഒന്നുതന്നെ.

"സുരവരജ।സുതനുമഥ।നിന്നുവി।ഷണ്ണനായ്
സൂക്ഷിച്ചു।മായമറിഞ്ഞിട്ടി।രാവനം" എന്ന ഈരടി രണ്ടു ഗണം അയ്യഞ്ചു ലഘുവായി വരുന്ന കളകാഞ്ചിക്കു് ഉദാഹരണമാകുന്നു മൂന്നു ഗണം അയ്യഞ്ചുലഘുവായി വരുന്നതിനാകട്ടെ,

"സകലശുക।കുലവിമല।തിലകിതക।ളേബരേ
സാരസ്യ।പീയൂഷ।സാരസ।ർവ്വസ്വമേ." എന്ന പാദദ്വയമാണു ദൃഷ്ടാന്തം.

കളകാഞ്ചിയുടെ ലക്ഷണത്തിൽ "രണ്ടോ മൂന്നോ ഗണങ്ങളെ അയ്യഞ്ചു ലഘുവാക്കീടിൽ" എന്നു മാത്രമേ പറഞ്ഞിട്ടുള്ളുവെങ്കിലും ആദ്യത്തെ ഗണം മാത്രം അഞ്ചു ലഘുവായിട്ടുള്ളതിനെക്കൂടി കളകാഞ്ചിയുടെ ലക്ഷണപരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ,

"നിഴലതുപി।ടിച്ചുനി।ർത്തിക്കൊന്നു।തിന്നുന്നാ
നീചയാം।സിംഹിക।യെക്കൊന്നു।നന്തരം" എന്ന രാമായണപംക്തികൾ കളകാഞ്ചിയിൽപ്പെടാതെ പോയേക്കും. അതു ശരിയാകുന്നതല്ലല്ലോ. കാകളിയുടെ ആദിപാദത്തിലെ ആദിമഗണങ്ങളെ ലഘുവാക്കി പ്രയോഗിക്കുക എന്ന പതിവ് എഴുത്തച്ഛൻെറ കാലത്തിനു മുമ്പുതന്നെയുണ്ട്. രാമചരിതത്തിൽക്കാണുന്ന,

"തഴനിഴലി।ലേവംനീ।ടാർപട।ക്കോപ്പുമായ്" എന്ന പംക്തി ഈ പരമാർത്ഥത്തെ വ്യക്തമാക്കുന്നുണ്ടല്ലോ.

3) മണികാഞ്ചി. ഈ വൃത്തവും കാകളിയുടെ ഒരു പരിഷ്കൃതരൂപമാണ്.

"കാകളിക്കുള്ള പാദങ്ങൾ രണ്ടിലും പിന്നെയാദിമാ
ഗണം മാത്രം ലഘുമയമായാലോ മണികാഞ്ചിയാം."

എന്നാണു മണികാഞ്ചിയുടെ ലക്ഷണം. കാകളിയുടെ രണ്ടു പാദത്തിലുമുള്ള ആദ്യഗണം മാത്രം അയ്യഞ്ചു ലഘുവാക്കിയാൽ മണികാഞ്ചിയെന്നു സാരം.

"പരമപുരു।ഷൻമഹാ।മായതൻ।വൈഭവം
പറകയുമ।നാരതം।കേൾക്കയും।ചെയ്കിലോ." എന്ന വരികൾ മണികാഞ്ചിയുടെ ലക്ഷ്യമാണ്.

"ഭുവനമപി।പൂരയാ।മാസഭേ।രീരവൈ-
രവനതസു।രാംഗനാ।നന്ദഗാ।നങ്ങളും
സവിധഭുവി।നാരദൻ।വീണവാ।യിക്കയും
നവരസദ।മാട്ടവും।നൗമിനാ।രായണം" എന്ന ഇരുപത്തിനാലുവൃത്തപദ്യം മണികാഞ്ചീലക്ഷണത്തിൽപ്പെട്ടുമെന്നിരിക്കേ കേരളപാണിനി,

"നസയം യലഗം ചേർന്നാലതിസമ്മിതയായിടും" എന്നിങ്ങനെ അതിസമ്മതാനിബദ്ധമാണെന്നു പറഞ്ഞിരിക്കുന്നതെന്തെന്നു മനസ്സിലാകുന്നില്ല. ദ്രുതകാകളിയും സർപ്പിണിയുമൊന്നായിരിക്കെ രണ്ടും വെവ്വേറെ കല്പിച്ചതുപോലെ പററിയതായിരിക്കാം ഇതും.

കാകളിയുടെ പരിഷ്കൃതരൂപങ്ങളായി ഇനിയും പല വൃത്തവിശേഷങ്ങളുണ്ട്. മിശ്രകാകളി മുതലായ താദൃശവൃത്തങ്ങൾ കിളിപ്പാട്ടുവൃത്തങ്ങളുടെ വൃത്തത്തിൽ വത്തിക്കാത്തതുകൊണ്ട്: അവയെ ഇവിടെ വിവരിക്കണമെന്നുദ്ദേശിക്കുന്നില്ല.

4) <u>അന്നനട.</u>

"ലഘുപൂർവ്വം ഗുരുപരം ഈമട്ടിൽ ദ്വ്യക്ഷരം ഗണം
ആറെണ്ണം മദ്ധ്യയതിയാലർദ്ധിതം മുറിരണ്ടിലും
ആരംഭേ നിയമം നിത്യമിതന്നനടയെന്ന ശീൽ." ഇതാകുന്നു അന്നനടയുടെ ലക്ഷണം. ഒരു പാദത്തിൽ ആദ്യത്തേതു ലഘു, രണ്ടാമത്തേതു ഗുരുവെന്നിങ്ങനെ രണ്ടക്ഷരം വീതമുള്ള ആറു ഗണങ്ങൾ വേണം. ഓരോ വരിയുടെയും ആറാമത്തെ അക്ഷരത്തിൽ യതി ആവശ്യമാകുന്നു. ആറാറക്ഷരമുള്ള ഓരോ അർദ്ധത്തിൻെറയും ആദ്യഗണത്തിൽ 'ലഘുപൂർവ്വം ഗുരുപരം' എന്നുള്ള നിയമം അവശ്യമനുഷ്ഠിക്കണം. ബാക്കിയുള്ള ഗണങ്ങളിൽ ആ നിയമത്തിന് അത്ര നിർബ്ബന്ധമില്ല. അന്നനടയുടെ ലക്ഷണത്തിൻെറ അർത്ഥം മേൽപ്പറഞ്ഞതാകുന്നു.

"നിറ।ന്നപീലികൾ।നിര।ക്കവേ।കത്തി
നെറു।കയിൽ।ക്കുട്ടി।തിറ।മൊട്ടു।കെട്ടി." എന്ന ഭാരതത്തി

ലെ ഈരരടി അന്നനടയാണല്ലോ. ഓരോ വരിയിലും 'പീലികൾ' എന്നും 'കുട്ടി'യെന്നും കഴിഞ്ഞാൽ യതി നിബന്ധിച്ചിരിക്കുന്നു.

തമിഴിലെ വഞ്ചിപ്പാവിൽ നിന്നായിരിക്കണം അന്നനടയുടെ പ്രാദുർഭാവമെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. വഞ്ചിപ്പാവിന് ഒരു പാദത്തിൽ രണ്ടു ശീരുണ്ടായിരിക്കും. ഓരോ ശീരിന്നും അഞ്ചോ ആറോ അക്ഷരമാകാം. അതിൽ ആറക്ഷരം വീതമുള്ള രണ്ടു ശീർ ഒരു പാദത്തിലടങ്ങിയ വഞ്ചിപ്പാവിൻെറ പ്രഭേദമായിരിക്കണം മലയാളത്തിൽ അന്നനടയായി പരിണമിച്ചിരിക്കുന്നതു്.

"വളവയലിടൈ।ക്കളൈവയിൻമകിഠം" എന്നും

"മനൈച്ചിലമ്പിയ।മണമുരശൊലി" എന്നുമുള്ള വരികൾ ശീരിന്നു് ആറക്ഷരം വീതമുള്ള വഞ്ചിപ്പാവിന് ഉദാഹരണങ്ങളാകുന്നു. ഈ പംക്തികളെ

"വളാവയാലിടൈ।ക്കളൊവയിൻമകിഠം" എന്നും

മനൈച്ചിലമ്പിയാ।മണാമുരാശൊലീ" എന്നും വ്യത്യാസപ്പെടുത്തിച്ചൊല്ലിയാലും വഞ്ചിപ്പാവിൻെറ ഓശയ്ക്കു യാതൊരു ദോഷവും വരുന്നതല്ല. നമ്മുടെ അന്നനട പാടുന്നതും ഇതുപോലെതന്നെയാണല്ലോ. എന്നാൽ, മുമ്പറഞ്ഞ വരികളെ "വാളവായലീടൈ" എന്നോ "മാനൈച്ചീലമ്പീയ" എന്നോ മറേറാ ആക്കിയാൽ ഓശ ശരിയാകുകയില്ല. ഇതെല്ലാം അന്നനടയുടെ കാൎയ്യത്തിലും തുല്യമാണല്ലോ. മലയാളികൾ ഒരു പാദത്തെ ഈരണ്ടക്ഷരമുള്ള ആറു ഗണമായിത്തിരിക്കുമ്പോൾ തമിഴർ ആറാറക്ഷരമുള്ള രണ്ടു ഗണ(ശീർ)മായിപ്പിരിക്കുന്നുവെന്നു മാത്രമേ വ്യത്യാസമുള്ളു.

5) കേക.

"മൂന്നും രണ്ടും രണ്ടുമൂന്നും രണ്ടും രണ്ടെന്നെഴുത്തുകൾ
പതിന്നാലിന്നാറുഗണം പാദം രണ്ടിലുമൊന്നുപോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ ഗണത്തിലും
നടുക്കു യതി പാദാദിപ്പൊരുത്തമിതു കേകയാം." എന്നാകുന്നു വൃത്തമഞ്ജരിയിലെ കേകാലക്ഷണം. മൂന്നു്, രണ്ടു്, രണ്ടു്, മൂന്നു്, രണ്ടു്, രണ്ടു് എന്നീപ്രകാരത്തിലക്ഷരങ്ങളുള്ള ആറു ഗണങ്ങൾ ഓരോ പാദത്തിലും വേണം. വരിയൊന്നിനു പതിനാലക്ഷരം വീതമേ ഉണ്ടായിരിക്കാവൂ. ഓരോ ഗണത്തിലും ഒരു ഗുരുവെങ്കിലും ആവശ്യമാണു്. ഓരോ പാദത്തിൻേറയും ഏഴാമത്തെ അക്ഷരത്തിൽ യതി അവശ്യമനുഷ്ഠിക്കണം. പാദാദിപ്പൊരുത്തം—ഒന്നാംപാദത്തിലെ പ്രഥമാക്ഷരം ഗുരു

വാണെങ്കിൽ രണ്ടാംപാദത്തിലെ പ്രഥമാക്ഷരവും ഗുരുവെന്നുള്ള നിയമം—നിശ്ചയമായും ആവശ്യകമാകുന്നു. ഇതാണു ലക്ഷണകാരികയുടെ താൽപര്യം.

“വിശാദമോ|ഹിനി|യായ|നിന്നുടെ|മഹാ|മായ
വിശേഷം|മോഹി|പ്പിച്ചീ'ടായ്കമാം|ലക്ഷ്മീ|പതേ.”

എന്ന പാദങ്ങൾ കേകയ്ക്കുദാഹരണമാകുന്നു.

കേകാവൃത്തത്തിൻെറ മൂലസ്ഥാനം തമിഴിലെ അറുശീരടി ആശിരിയ വിരുത്തമാണെന്നു ഗവേഷധുരീണനായ ശ്രീമാൻ പി. കൃഷ്ണൻനായരവർകൾ തൻെറ “ആട്ടക്കഥ അല്ലെങ്കിൽ കഥകളി” എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ട്. “ആറുശീർ കുറയാതെയുള്ള അടി ഏററക്കുറച്ചിലെന്യേ അവസാനിക്കുകിൽ ആ വൃത്തം നല്ല സമ്പ്രദായത്തിലുള്ള അറുശീരടി ആശിരിയ വൃത്തമാകും” എന്നാണു് അറുശീരടി ആശിരിയ വിരുത്തത്തിൻെറ ലക്ഷണം പറഞ്ഞുകാണുന്നതു്. കേകയിലേതിനോടു് ഏതാണ്ടു തുല്യമായ ഗണനിബന്ധനസമ്പ്രദായം അറുശീരടി ആശിരിയ വിരുത്തത്തിലും ദൃഷ്ടമാകുന്നു.

“തീങ്കനി|നാവ!ലോകം|ഉചണ്ടയിർ|കൻറിർ|ചെമ്പൊൻ
വാങ്കിന|കൊണ്ടു|പാരിൽ|മണ്ടുമാൽ|യാറു|മാന.”

എന്ന കമ്പരാമായണപംക്തികൾ ഈ വൃത്തത്തിൽ നിബദ്ധമാണു്. ഇതുതന്നെ മലയാളത്തിലെ കേകയ്ക്കും ഉദാഹരണമായെടുക്കാമെന്നതു സ്പഷ്ടമാണല്ലോ. എല്ലാ അറുശീരടി ആശിരിയ വിരുത്തവും കേകയ്ക്കു തുല്യമായിരിക്കുകയില്ലെന്നുള്ള വാസ്തവവും ഈയവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

കിളിപ്പാട്ടുവൃത്തങ്ങളെന്നു പ്രസിദ്ധമായ കാകളി, കളകാഞ്ചി, മണികാഞ്ചി, അന്നനട, കേക എന്നീ വൃത്തങ്ങളുടെ ആഗമം, സ്വരൂപം മുതലായവയെക്കുറിച്ചു് ഒരുവിധം പ്രതിപാദിച്ചുകഴിഞ്ഞുവല്ലോ. എന്നാൽ, കിളിപ്പാട്ടുവൃത്തങ്ങളുടെ മൂലഭൂതങ്ങളായി ഇവിടെ നിർദ്ദേശിച്ചിട്ടുള്ള തമിഴ വൃത്തങ്ങളുടെ പ്രഭേദങ്ങളെല്ലാം നമ്മുടെ വൃത്തങ്ങളോടു സർവ്വഥാ സദൃശങ്ങളാണെന്നു വിചാരിക്കാൻ പാടില്ല. ചില പ്രഭേദങ്ങൾക്കു മാത്രമേ കിളിപ്പാട്ടുവൃത്തങ്ങളോടു ബന്ധമുള്ളുവെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്.

മഹോപാദ്ധ്യായ പി. വി. കൃഷ്ണൻനായർ ബി. ഒ. എൽ.

# മേഘോപാസനം. *

കാദംബിനിപ്പുഷ്കകളേ! പുരത്തി-
യൊഴുക്കുവിൻ നിങ്ങൾ പയസ്സുനീളെ;
ഇതാ പിപാസാർത്തിതരായ വത്സ-
രാഹന്ത! മൃത്യുന്മുഖരായ്ക്കഴിഞ്ഞു. 1

വർഷിക്കുവിൻ നിർഭരശക്തി പൂണ്ടു
വർഷിക്കുവിൻ താപിതധാത്രി തന്നിൽ;
പൂശട്ടെ 'പന്നീരി'ലരച്ചു ചേർത്ത
വെൺചന്ദനം മേനിയിലമ്മ മേന്മേൽ. 2

ചൂടാലലന്നിപ്പൊളറിഞ്ഞിരിപ്പൂ
മരീചിമാലിയ്ക്കെഴുമാർദ്രഭാവം;
ഗർവ്വത്തിനാൽ മുന്നമനന്തനായോ-
നിന്നാത്തമിത്രാഭിധയും കളഞ്ഞോൻ. 3

ആസാരസംപാതമുയർത്തിടട്ടെ
സംഗീതമംഗീകൃതധന്യവാദം;
അതല്ലയോ നീചനിദാഘകാല-
നിശാടനോച്ചാടനസാധ്യമന്ത്രം. 4

ശൈലങ്ങൾ വെള്ളത്തുകിൽ ചാർത്തിടട്ടെ,
രസാൽപ്പുളയ്ക്കട്ടെ നെടും നദങ്ങൾ;
ഏൽക്കട്ടെ നന്നായമൃതാഭിഷേകം,
മരങ്ങളും വള്ളികളും ശിരസ്സിൽ. 5

കേൾക്കപ്പെടട്ടേ, ഭവദീയകണ്ഠ-
നാളോദ്ഗളദ്ഗർജ്ജിതഘോഷമെങ്ങും;
ആ മംഗളോത്താളസുശംഖനാദ-
മിളക്കിളക്കം പുളകപ്രരോഹം. 6

താഴോട്ടു താഴോട്ടുഴകാന്ന് മെയ്യിൽ
വലാരിവില്ലേന്തിയിറങ്ങിയാലും;
അനേകനായം വനമാലി ചേലിൽ
ഗോപ്യാരുമന്നാളുകളോർത്തിടട്ടെ. 7

വേഴാമ്പലിൻ ദീനമുഖത്തിലൂടെ
പരാപരം ജീവനയാച്ഞ ചെയ്ക,
അഭിദ്രവിക്കാതെയിരിക്കുവൊന്നോ
ഹാ! നിങ്ങൾതന്നമ്പുതുളുമ്പുമുള്ളം. 8

* മഴയ്ക്കു മുമ്പ് എഴുതിയത്.

ആദ്യത്തെ വർഷൽപ്പുളിയുൺകഴിഞ്ഞ
വസുന്ധരയ്ക്കുല്പദിനത്തിനുള്ളിൽ,
ഗർഭസ്ഥബീജങ്ങൾ പുറത്തു പോരും
മഹോത്സവം ശോഭനമായ് നടക്കും. 9

മണ്ണിൻ മണംകൊണ്ടഗജങ്ങളായ
ഗജങ്ങൾ പോൽ കന്നുകളുന്മദിക്കെ
ക്ഷേത്രപ്രവേശത്തിനു കോപ്പുകൂട്ടും
കൃഷീവലൻ നമ്മുടെ സീരപാണി. 10

പാടത്തുഴപ്പാട്ടു മുഴക്കിയും കൊ-
ണ്ടുഴും കൃഷിക്കാരനുദാത്തമോദം,
കണ്ടങ്ങളാം പ്ലെയ്റ്ററുകളിൽ * സ്വഗാനം
കൊഴുത്തലപ്പാൽത്തുടരെക്കുറിക്കും. 11

ഉഴും, വിതയ്ക്കും, നടും, കോമലായ
പഞ്ചെയ്യു വേണ്ടും വരിവസ്യ ചെയ്യും;
പ്രവൃത്തി സർവ്വത്ര വിനിദ്ര, യന്നാ-
ണിക്കണ്ടു സാർത്ഥകനാമധേയ. 12

പുരാതനം, പ്രാകൃതചിത്രശാല
കാണേണ്ടതായുള്ളൊരു കാഴ്ചയാകും;
മണ്ടിക്കിടന്നുള്ള പടങ്ങൾ പാടേ
വർണ്ണങ്ങളാൽ പ്രോന്മിഷിതങ്ങളാകും. 13

പൊളിഞ്ഞൊരേഴക്കട്ടിലായിടട്ടേ,
പൊന്മേടയാകട്ടെ, സമം ധരിക്കും,
ഇറയ്ക്കു ചുറ്റും കുളിരാഭയുള്ള
മുക്താസരം വാരികണങ്ങളാലേ. 14

ഉയർന്നിടം വിട്ടുദകപ്രവാഹം
താണുള്ളിടത്തേയ്ക്കു കുതിച്ചു പായും;
ഉച്ചസ്ഥിതന്മാർ നിജ സംസ്ഥിതിയ്ക്കു
സമാശ്രയിക്കേണ്ടതു താഴ്മയെത്താൻ. 15

തമാലനീലൈകലസദ്ദുകൂല-
ത്താലുള്ള മേലാപ്പു വിടർത്തി മേലേ,
സൂര്യാതപത്തെ പ്രകടം തടുക്കും
മേഘങ്ങളേ! നിങ്ങളമോഘവൃത്തർ. 16

ശാപത്തിനാൽപ്പോൾച്ചെണ്ടിയററു, ചക്ര-
വാളത്തിലുൾപ്പെട്ടു കിടന്ന നിങ്ങൾ,
കൊഴുത്തു കേറുന്നതു കൺകളിക്കെ
ക്കാണ്മാൻ കുറേ ഞങ്ങൾ കൊതിച്ചിരുന്നു. 17

* പ്ലെയ്റ്ററുകൾ— Gramaphone recards.

ആപാരസാരത്തൊടു വാരിദങ്ങ-
ളാരോഹണം ചെയ്യുളവിന്നു വാനം;
വഹിപ്പിതുത്തുംഗതിമിംഗലൌഘ-
പ്രോൽക്ഷുബ്ധരത്നാകര സമ്പ്രദായം. 18

കവിപ്രവീണപ്രതിഭാപുടത്തിൽ
പരംപരോല്ലേഖപരമ്പരാഭം,
സുജാതശമ്പാശതമുല്ലസിപ്പൂ
ഭവദ്വിശാലാസിതമാർവ്വിടത്തിൽ. 19

അല്ലെങ്കിൽ വിശ്വത്തെയനുഗ്രഹിപ്പാൻ
വരാവതാരത്തെ വരിച്ചു നില്പൂ,
നിരന്തരം നിങ്ങളിൽ വന്നുവീഴും
സുവർണ്ണസൂനോൽക്കരഹാരമാവാം 20

ആകാശനീലാശ്മഗൃഹോദരത്തിൽ
മിന്നൽപ്പിണർത്തീയെരിവാളുമേന്തി
തിരഞ്ഞു കേറീടുവതാരെയാണോ?—
ഗ്രീഷ്മത്തെ—മാദൃത്' ബഡവാഗ്നി തന്നെ. 21

ആരബ്ധകർമ്മം നിറവേററിടാതെ
മടങ്ങിടായ്കെൻെറ സഹോദരങ്ങളേ;
കാററുണ്ടു ഭിന്നിപ്പുളവാക്കുവാനും,
തെററായ മാർഗ്ഗത്തിൽ നയിക്കുവാനും. 22

ഇറങ്ങുവിൻ, നിങ്ങളിറങ്ങുവിൻ, നാ-
മട്ടുക്കകിൽ ദൂരമകന്നുപോകും;
താഴത്തഴൽപ്പെട്ടു കിടന്നിടുന്നോ-
രേഴക്കൂട്ടത്താണു നവീനനാകം. 23

വിശീർണ്ണവർണ്ണോത്ഥിതമർമ്മരത്താൽ
മന്ത്രോച്ചയോച്ചാരണഭംഗിചേർത്തി,
ലോകം സമസ്തം സുഖപൂർണ്ണമാവാൻ
നടത്തുവിൻ വർഷമഹാമഹത്തെ. 24

വീഴ്വൂ വിലാസത്തൊടു നീർക്കണങ്ങൾ,
സർവ്വേന്ദ്രിയാഹ്ലാദവിചക്ഷണങ്ങൾ;
താപത്തിൽ നിന്നും നരവര്യമോക്ഷം
കരസ്ഥമാകുന്നൊരു കാലമായി. 25

പഞ്ഞപ്പിശാചിക്കു നിവാപനീരം
പാരുന്ന കോലാഹലമല്ലി കേൾപ്പൂ.
ആപാദമാശീർഷമവൾക്കനേകം
കരഞ്ഞുപോയ്, വായു നിലച്ചുപോയി. 26

തത്തമംഗലം, എം. നടേശമേനോൻ ബി. ഏ.

## "ആട്ടക്കഥ അഥവാ കഥകളി"

ഒരു ലഘുനിരൂപണം.

കേരളീയകൃത്യകലകളുടെ കൂട്ടത്തിൽ പലതുകൊണ്ടും പ്രാഥമ്യത്തെയും പ്രാധാന്യത്തേയും അർഹിക്കുന്ന ഒന്നാണ് ആട്ടക്കഥ. ഒരു ആട്ടക്കഥ നിർമ്മിക്കാതെ കവിത്വം പൂർണ്ണമാകയില്ലെന്നുപോലും ഒരു കാലത്തു് ആളുകൾ വിശ്വസിച്ചിരുന്നു. ജനസാമാന്യം ആ ദൃശ്യകലയിൽ അന്ന് അത്ഭുതാവഹമായ അഭിരുചിയാണു പ്രദർശിപ്പിച്ചിരുന്നതു്. മിക്ക രാജകുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലും പേരുകേട്ട ഓരോ കഥകളി യോഗം ഏർപ്പെടുത്തപ്പെട്ടിരുന്നു. കൊച്ചിയിലേയും തിരുവിതാംകൂറിലേയും ചില മഹാരാജാക്കന്മാർ പോലും ധാരാളം ആട്ടക്കഥകൾ നിർമ്മിച്ചതായി കാണുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, 'ആട്ടക്കഥ രചിക്കാത്തവൻ കവിയല്ല; ആട്ടം കണ്ടു രസിക്കാത്തവൻ സഹൃദയനുമല്ല എന്നായിരുന്നു അന്നത്തെ നില.' ഇങ്ങനെ വളരെ ഉയന്ന ഒരു നിലയിൽ കഴിഞ്ഞുകൂടിയിരുന്ന ആട്ടക്കഥകൾക്കു് ഇടക്കാലത്തു് എന്തോ കാരണവശാൽ ഒരു അധഃപതനം സംഭവിച്ചു. കലാമണ്ഡലത്തിന്റെ ആവിർഭാവത്തോടുകൂടിയാണു പിന്നീട് അതു പതുക്കെ തലപൊക്കിത്തുടങ്ങിയതു്. ഇന്നു വിദേശികൾപോലും ആ കേരളീയദൃശ്യകലയെ മുക്തകണ്ഠം പുകഴ്ത്തിത്തുടങ്ങീട്ടുണ്ട്. ആട്ടം കാണുന്നതിനും പഠിക്കുന്നതിനുമായി ചില യൂറോപ്യർ പോലും കലാമണ്ഡലത്തിൽ വന്നുപൊയ്ക്കൊണ്ടിരിക്കുന്നതു നമുക്കറിയാമല്ലൊ.

ഇങ്ങനെയൊക്കെയാണെങ്കിലും ആട്ടക്കഥയെ സംബന്ധിച്ച് ശരിയായ ഒരു ശാസ്ത്രീയഗ്രന്ഥം ഇല്ലെന്നുള്ള കുറവ് ഈ അടുത്ത കാലംവരെ നമുക്കുണ്ടായിരുന്നു. കേരളത്തിന്റെ അഭിമാനസമ്പത്തായ ഒരു കലയെ സംബന്ധിച്ച ശാസ്ത്രീയമായി വിവരിക്കുന്ന ഒരു പുസ്തകമില്ലെന്നുള്ളതു നിസ്സാരമായ ഒരു കുറവല്ലതാനും. മദിരാശി വിശ്വവിദ്യാലയത്തോടനുബന്ധിച്ച പൌരസ്ത്യഗവേഷണശാഖയിലെ മലയാളം വകുപ്പിൽ ജൂനിയർ ലെക്‌ചററായിരിക്കുന്ന വ്യാകരണസാഹിത്യശിരോമണി പി. കൃഷ്ണൻനായരവർകളെഴുതിയതും ആ വിശ്വവിദ്യാലയം വകയായി പ്രസിദ്ധീകരിച്ചതുമായ "ആട്ടക്കഥ അഥവാ കഥകളി" എന്ന വിശിഷ്ടകൃതിയുടെ ആവിർഭാവത്തോടുകൂടി മേൽപറഞ്ഞ കുറവു നിശ്ശേഷം പരിഹരിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത ഗ്രന്ഥനിർമ്മാണം നിമിത്തം ശ്രീമാൻ കൃഷ്ണൻനായർ കൈരളിക്കു പൊതുവായും കഥകളി സാഹിത്യ

ത്തിന്ന പ്രത്യേകമായും ചെയ്തിട്ടുള്ള സഹായം അനൎഘവും അപരിമേയ വുമത്രെ.

മൂന്നുനാലു നൂററാണ്ടുകളായി കേരളത്തിൽ പ്രചരിച്ചുവരുന്ന കഥകളി സാഹിത്യത്തെ സംബന്ധിച്ചു നാമമാത്രമായിട്ടെങ്കിലും ചില പ്രമാണഗ്രന്ഥങ്ങൾ മലയാളഭാഷയിലുണ്ടായതു പത്തിരുപതു കൊല്ലങ്ങൾക്കിപ്പുറം മാത്രമാണ് 'ഹസ്തലക്ഷണദീപിക' എന്ന ഒരു കൃതി സംസ്കൃതത്തിൽ കുറെ മുൻപുതന്നെ എഴുതപ്പെട്ടിരുന്നു. കഥകളിയിലെ കൈമുദ്രകളെപ്പററി മാത്രമേ അതിൽ പ്രധാനമായി പ്രതിപാദിക്കുന്നുള്ളു; എന്നു മാത്രമല്ല അതു് എഴുതപ്പെട്ടിട്ടുള്ളതു സംസ്കൃതത്തിലുമാണ്. മാത്തൂർ കുഞ്ഞുപിള്ളപ്പണിക്കരെഴുതിയ (1097) 'കഥകളി പ്രകാശിക' യാണ് ഏതദ്വിഷയകമായി മലയാളത്തിലുണ്ടായ ഒന്നാമത്തെ ഗ്രന്ഥമെന്നു തോന്നുന്നു. തുള്ളൽ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള ആ ചെറിയ പുസ്തകത്തിൽ കഥകളിയുടെ സ്വരൂപത്തെ സാമാന്യമായി വിവരിക്കയാണു ചെയ്തിട്ടുള്ളതു്. കൈമുദ്രകൾ, രസാഭിനയം, ആട്ടം മുതലായവയെപ്പററിയെല്ലാം അതിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ അതു വളരെ വളരെ സംക്ഷിപ്തമായിട്ടാണ്. പാട്ടിൽ കാൎയ്യം പറഞ്ഞാൽ അതു് എങ്ങനെയിരിക്കുമെന്നു നമുക്കു് ഏകദേശം ഊഹിക്കാമല്ലൊ. ചുരുക്കിപ്പറഞ്ഞാൽ കഥകളിയുടെ 'ഒരു മുഖം' മാത്രമേ ഈ പ്രകാശികയിൽ പ്രകാശിച്ചുകാണുന്നുള്ളു. ശ്രീമാൻ കെ. എൻ. ഗോപാലപിള്ള ബി. ഏ. (1104) എഴുതിയ 'കഥകളി ദീപിക'യാണ് ആട്ടക്കഥാവിഷയകമായുണ്ടായിട്ടുള്ള മറെറാരു പുസ്തകം. അതു് ഒരു ശാസ്ത്രീയഗ്രന്ഥമായുദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. പല കവികളുമെഴുതിയ പത്തുമുപ്പതു് ആട്ടക്കഥകളുടെ രംഗവിവരണമാണ് അതിലെ ഉള്ളടക്കം. മൂന്നാമതായി നമുക്കു കിട്ടിയതു് 1933-ൽ മി: ഐ. പി. രാമമേനോൻ ബി. ഏ. എൽ. ററി. എഴുതിയ 'കഥകളി' എന്ന പുസ്തകമാണ്. ഏതാനും ചില ആട്ടക്കഥകളെ സംബന്ധിച്ച ഒരാസ്വാദനമെന്ന നില മാത്രമേ വാസ്തവത്തിൽ ആ പുസ്തകത്തിനുള്ളു. എന്തുകൊണ്ടെന്നാൽ, ഉത്ഭവം, അഭിനയരീതി എന്ന ചെറിയ രണ്ടദ്ധ്യായങ്ങളൊഴിച്ചാൽ ബാക്കി ഭാഗമെല്ലാം ഗ്രന്ഥകൎത്താവു ചെലവഴിച്ചിട്ടുള്ളതു്, കൊട്ടാരക്കരത്തമ്പുരാൻ കോട്ടയത്തു തമ്പുരാൻ, ഉണ്ണായി വാൎയ്യര്, ഇരയിമ്മൻ തമ്പി മുതലായവരേയും അവരുടെ കൃതികളേയും പററി വിവരിക്കാനായിട്ടാണ്. 'ഉത്ഭവ'ത്തേയും 'അഭിനയരീതി'യേയും വിവരിക്കുന്ന അദ്ധ്യായങ്ങളാകട്ടെ, അതിമാത്രം സംക്ഷിപ്തങ്ങളാകുന്നു. കഥകളിയെ സംബന്ധിച്ച ചില

അംശങ്ങളുടെ നേരിയ ഒരു സൂചനമാത്രമേ വായനക്കാക്ക് അതിൽനിന്നു കിട്ടുന്നുള്ളൂ. 1113-ൽ മാഃവലിക്കര ജി. കൃഷ്ണപിള്ള അവർകൾ എഴുതി പ്രസിദ്ധീകരിച്ച 'കേരളീയനൃത്യകല അഥവാ കഥകളി' എന്ന പുസ്തകമാണു നാലാമതായി നമുക്കു കിട്ടിയതു്. ശാസ്ത്രീയഗ്രന്ഥത്തിൻെറ ഒരു ഛായ അതിൽ കാണുന്നുണ്ടു്. കഥകളിയുടെ നൃത്യകലാന്തർഭൂതത്വം, അതിൻെറ ആവിർഭാവത്തിനു കാരണമായിത്തീർന്ന പ്രാചീനവിനോദകലകൾ, രാമനാട്ടത്തിൻെറ ഉത്ഭവവും വളർച്ചയും, കഥകളിച്ചടങ്ങുകൾ, വേഷവിധാനങ്ങൾ, കൈമുദ്രകൾ എന്നിങ്ങനെ ആട്ടക്കഥയെ സംബന്ധിച്ചു് അവശ്യവിജ്ഞേയങ്ങളായ മിക്ക വിഷയങ്ങളേയും അതിൽ സ്പർശിച്ചുപോയിട്ടുണ്ടു്. എങ്കിലും ആകക്കൂടി ഒരു 'അപൂർണ്ണത' അതിലും കാണാം. ചില ഭാഗങ്ങളിൽ ഗതാനുഗതികത്വം ഗ്രന്ഥകർത്താവിനെ വഴിപിഴപ്പിച്ചിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ, കൈരളിയുടെ വളർച്ചയ്ക്കും ആട്ടക്കഥാസാഹിത്യത്തിൻെറ വിപുലതയ്ക്കും യോജിച്ചനിലയിൽ, പ്രൌഢമായ ഒരു ശാസ്ത്രീയഗ്രന്ഥമായി കണക്കാക്കത്തക്കവണ്ണം ഭാഷയിൽ ഒന്നാമതായി പുറപ്പെട്ട പുസ്തകം (1939) ശ്രീമാൻ കൃഷ്ണൻനായരുടെ "ആട്ടക്കഥ"യത്രേ. മദിരാശി വിശ്വവിദ്യാലയത്തിൻെറ പേരിനും പെരുമയ്ക്കും ഗ്രന്ഥത്തിൻെറ ഗൌരവത്തിനും യോജിച്ചവിധം, പുസ്തകത്തിൻെറ കെട്ടും മട്ടും അത്യന്തം കമനീയമായിട്ടുണ്ടെന്നുള്ളതു പ്രത്യേകിച്ചും അഭിനന്ദനാർഹമായിരിക്കുന്നു.

കലാസ്വരൂപം, ആട്ടക്കഥാപ്രസ്ഥാനത്തിൻെറ ആഗമം, സാമാന്യസ്വരൂപവും വേഷസമ്പ്രദായവും സാഹിത്യം, പരിഷ്കാരവിചാരം എന്നിങ്ങനെ അഞ്ചു പ്രകരണങ്ങളായി ഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നു. കലാഗമനിദാനം, കലാവിദ്യവിവേകം, കലാസാമാന്യവിഭാഗം, കലകളുടേയും കലാപരിഗണനത്തിൻേറയും പ്രാചീനത, ജൈനബൌദ്ധകലകൾ, പ്രാചീനകലാപരിഗണനത്തിൻെറ അസ്വീകാര്യത എന്നു തുടങ്ങിയ ഉപവിഭാഗവിവരണങ്ങളോടുകൂടി കലാസ്വരൂപത്തെ നിർവ്വചിച്ചു്, അഭിനയപ്രധാനമായ ആട്ടക്കഥ സരസകലയാണെന്നു നിഗമനം ചെയ്തു്, ആട്ടക്കഥ നാട്യകലയാണെന്നുള്ള അഭിപ്രായത്തെ ഖണ്ഡിച്ചു് അതു നൃത്യപ്രഭേദമാണെന്നു സ്ഥാപിക്കയാണു് ഒന്നാംപ്രകരണത്തിൽ ചെയ്തിട്ടുള്ളതു്. അറുപത്തിനാലു കലകൾ ഏതെല്ലാമാണെന്നു പരിശോധിക്കുന്ന ഘട്ടത്തിൽ കാമസൂത്രം, ഭാഗവതം, ശുക്രനീതി, ശിവതത്വരത്നാകരം, ശ്രീതത്വനിധി, പുരാണാർത്ഥസംഗ്രഹം, ശബ്ദകല്പദ്രുമം, വാചസ്പത്യം മുതലായ ഗ്രന്ഥങ്ങളിൽ തൽസംബന്ധമായി അതാതു് ആ

ചാൎയ്യന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളെ തോലനംചെയ്തു കൂടുതൽ സ്വീകാൎയ്യമായിട്ടുള്ള പട്ടിക ഏതാണെന്നു നിൎദ്ദേശിച്ചിരിക്കുന്നു. ആട്ടക്കഥ നൃത്യപ്രഭേദമാണെന്നു നിഗമനം ചെയ്യുന്നഘട്ടത്തിൽ നാട്യനൃത്യാദികലാവിഭാഗങ്ങളേയും അവയുടെ സ്വരൂപത്തേയും സൂക്ഷ്മമായി നിൎവ്വചിച്ചിട്ടുള്ളതു വളരെ പ്രയോജനകരമായിട്ടുണ്ട്. കൈമുദ്രകളെ വിവരിക്കുന്നഘട്ടവും അത്യന്തം വിശദമായിരിക്കുന്നു. ഹസ്തലക്ഷണദീപികയിലും നാട്യശാസ്ത്രത്തിലും അല്പാല്പം ഭിന്നമായ നിലയിലാണു കൈമുദ്രകളെ വിവരിച്ചിട്ടുള്ളതു്. സംഗീതരത്നാകരത്തിൽ മററു ചില മുദ്രകളെപ്പററിയും പറഞ്ഞിട്ടുണ്ടു്. ഇവ ഓരോന്നും പ്രത്യേകം പ്രത്യേകം വിവരിച്ചിട്ടുള്ളതിനു പുറമേ, ചിത്രംകൊണ്ടു് ഉദാഹരിക്കയും ചെയ്തിരിക്കുന്നു. വായനക്കാൎക്കു മുദ്രകളുടെ സ്വരൂപം എളുപ്പത്തിൽ മനസ്സിലാകുന്നതിന്, പുസ്തകത്തിൽ ചേൎത്തിട്ടുള്ള പ്രസ്തുത ചിത്രങ്ങൾ അത്യന്തം പ്രയോജകീഭവിക്കുന്നുണ്ടു്.

'ആട്ടക്കഥാപ്രസ്ഥാനത്തിൻെറ ആഗമ'ത്തെപ്പററി വിവരിക്കുന്നതാണു രണ്ടാംപ്രകരണം. കേരളത്തിൽ നാട്യകലയ്ക്കുള്ള പഴക്കത്തേയും അതിൽ കേരളീയൎക്കുള്ള പ്രാവീണ്യത്തേയും വിവരിച്ചു ചാക്കിയാർക്കൂത്തു്, മോഹിനിയാട്ടം, അഭിനയക്കൂത്തു്, യക്ഷഗാനം മുതലായവയെ പ്രാസംഗികമായി സ്പൎശിച്ചു്, ഇന്നു നടപ്പിലിരിക്കുന്ന ചില ഐതിഹ്യങ്ങൾക്കുള്ള പരസ്പരവൈരുദ്ധ്യത്തെ തെളിയിച്ചു്, ഗ്രന്ഥകൎത്താവു സ്വന്തമായ ഒരു നിഗമനത്തിലെത്തിച്ചേരുന്നു. അഷ്ടപദിയിൽനിന്നു കൃഷ്ണനാട്ടം, കൃഷ്ണനാട്ടത്തിൽനിന്നു രാമനാട്ടം, എന്ന ക്രമമാണല്ലോ കഥകളിയുടെ ഉത്ഭവത്തെപ്പററി ഇന്നു പറഞ്ഞുവരുന്നതു്. ഗ്രന്ഥകൎത്താവു് ഈ അഭിപ്രായത്തോടു വിയോജിക്കുന്നു. അഷ്ടപദിയാട്ടം ഉണ്ടായിട്ടു് ഇനിയും നൂറുകൊല്ലം തികഞ്ഞിട്ടില്ലെന്നുള്ളതിനു തെളിവുള്ളതിനാൽ, വെറും ഐതിഹ്യത്തെ മാത്രം അടിസ്ഥാനപ്പെടുത്തി അങ്ങനെ വിശ്വസിക്കുന്നതു ശരിയല്ലെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. സാമൂതിരിപ്പാടു കൃഷ്ണനാട്ടം അയച്ചുകൊടുക്കാത്ത വാശികൊണ്ടാണു കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം ഉണ്ടാക്കിയതെന്നുള്ള ഐതിഹ്യം വിശ്വാസ്യമല്ലെന്നും, ഇതിനു നേരെ വിപരീതമായി, കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം അയച്ചുകൊടുക്കാത്ത വാശിയാലാണു മാനവേദൻ തമ്പുരാൻ കൃഷ്ണനാട്ടം ഉണ്ടാക്കിയതു് എന്നുള്ള ഐതിഹ്യവും ചില ദിക്കുകളിൽ പ്രചാരത്തിലുണ്ടെന്നും ഗ്രന്ഥകൎത്താവു പറയുന്നു. ചുരുക്കത്തിൽ, "കേരളീയർ ചിലപ്പതികാരത്തിനു മുൻപുതന്നെ നൃത്യാദികലയിൽ പ്രവീണ

ന്മാരായിരുന്നുവെന്നും, അതുകൊണ്ട് ആ കാലത്തിനു ശേഷം, ക്രമേണ അന്നുണ്ടായിരുന്ന കൃത്ത്, മോഹിനിയാട്ടം മുതലായവയിൽനിന്നു പരിഷ്കാരരീതിയിൽ അവതരിച്ചതായിരിക്കണം നമ്മുടെ ആട്ടക്കഥാപ്രസ്ഥാനമെന്നും" ആണ് മി: കൃഷ്ണൻനായരുടെ അഭ്യൂഹം.

"സാമാന്യസ്വരൂപവും വേഷസമ്പ്രദായവും" എന്ന മൂന്നാമത്തെ പ്രകരണത്തിൽ കേളികൊട്ട്, കേളിക്കയ്യ്, തോടയം, പുറപ്പാട്, മേളപ്പദം, ചൊല്ലിയാട്ടവും, ഇളകിയാട്ടവും, കലാശം, ചുട്ടിയെ സംബന്ധിച്ചുള്ള വേഷവിഭാഗം, നിണമണിച്ചിൽ, വസ്ത്രധാരണം, ആഭരണം എന്നു തുടങ്ങിയ വിഷയങ്ങളെപ്പററി സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. ചുട്ടിയെ സംബന്ധിച്ച വേഷവിഭാഗത്തിൽ പച്ച, കത്തി, കരി, താടി എന്നീ വേഷങ്ങളെപ്പററി കാര്യക്ഷമമായവിധത്തിൽ വിവരിച്ചിട്ടുണ്ട്. കഥകളിയുടെ സാമാന്യസ്വരൂപത്തെപ്പററി ശരിയായ ഒരു ജ്ഞാനം ഈ പ്രകരണത്തിൽനിന്നു വായനക്കാൎക്കു സിദ്ധിക്കുന്നതാണ്.

'സാഹിത്യ'മാണു നാലാംപ്രകരണത്തിലെ പ്രതിപാദ്യവിഷയം. രാമനാട്ടത്തെപ്പററി വിസ്തരിച്ചു പ്രതിപാദിച്ചുകൊണ്ടാണ് ഈ പ്രകരണം ആരംഭിക്കുന്നത്. രാമനാട്ടത്തിൻെറ മണിപ്രവാളപ്രഭേദത്വം, രാമനാട്ടകൎത്താവിൻെറ ഗ്രന്ഥാന്തരപരിചയം, രാമനാട്ടത്തിലെ ഭാഷ, കൊട്ടാരക്കരത്തമ്പുരാൻെറ വൃത്തവിഷയകമായ സ്വാതന്ത്ര്യം. രാമനാട്ടത്തിന് ആധാരഭൂതങ്ങളായ ഗ്രന്ഥങ്ങൾ എന്നു തുടങ്ങി പല വിഷയങ്ങളേയും ശാഖോപശാഖമായി വിവരിച്ചുകൊണ്ടു പോകുന്ന ഈ ഭാഗം, ഗ്രന്ഥകൎത്താവിൻെറ ഗവേഷണശീലത്തിനും ബുദ്ധിതീക്ഷ്ണതയ്ക്കും ഉത്തമസാക്ഷ്യംവഹിക്കുന്നു. കൊട്ടാരക്കരത്തമ്പുരാൻ, വാല്മീകിരാമായണത്തെയല്ലാതെ അദ്ധ്യാത്മരാമായണത്തെ അനുകരിക്കുന്നില്ലെന്നും, കമ്പരാമായണത്തോടും ഭാഷാരാമായണചമ്പുവിനോടും അദ്ദേഹത്തിന് അനല്പമായ കടപ്പാടുണ്ടെന്നും ധാരാളം തെളിവുകൾ ഉദ്ധരിച്ചുകൊണ്ടു ഗ്രന്ഥകൎത്താവു സ്ഥാപിക്കുന്നു. കോട്ടയത്തു തമ്പുരാൻ, കാൎത്തികതിരുനാൾ, അശ്വതി തിരുനാൾ, ഉണ്ണായി വാരിയർ, ഇരയിമ്മൻ തമ്പി മുതലായ ചുരുക്കം ചില പ്രാചീനകവികളുടെ കൃതികളെപ്പററി സാമാന്യമായി വിവരിച്ചതിനു ശേഷം ആട്ടക്കഥകളുടെ ഉൽകൎഷവിഷയകമായ താരതമ്യവിവേചനത്തോടുകൂടി പ്രസ്തുത പ്രകരണം അവസാനിക്കുന്നു. ഗ്രന്ഥകൎത്താവിൻെറ വിവരണത്തിനു വിഷയമായിത്തീൎന്ന ആട്ടക്കഥകൾ അത്ര അധികമില്ല. അവയെപ്പററി അദ്ദേഹമെഴുതീട്ടുള്ള ഭാഗം

വായിക്കുന്ന ഒരാൾക്ക്, മററു ചില പ്രധാനപ്പെട്ട കഥകളിയെപ്പററിക്കൂടി അദ്ദേഹം എഴുതേണ്ടതായിരുന്നു എന്നു തോന്നാതിരിക്കയില്ല.

'പരിഷ്കാരവിചാരം' എന്ന അവസാനത്തേതായ അഞ്ചാംപ്രകരണത്തിൽ രംഗസ്ഥലം, നിലവിളക്ക്, തിരശ്ശീല, വേഷസമ്പ്രദായം, വസ്ത്രധാരണം, വാദ്യം മുതലായവയിൽ പരിഷ്കാരം വരുത്തണമെന്നുള്ള പുതിയ അഭിപ്രായഗതിയെപ്പററി ചിന്തിച്ചിരിക്കുന്നു. ഈ വിഷയത്തിൽ ഗ്രന്ഥകർത്താവ് തികഞ്ഞ യാഥാസ്ഥിതികനോ തലതിരിഞ്ഞ ഉൽപതിഷ്ണുവോ ആകാതെ ഒരു ഇടനിലക്കാരനായിട്ടാണു കാണപ്പെടുന്നതു്. കലയുടെ ജീവനെ ബലികഴിക്കാത്ത ചില പരിഷ്കാരങ്ങളൊക്കെ ആകാമെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ടു്. "കേളികൊട്ടിനു പകരം നോട്ടീസ്സാകാം; രംഗസ്ഥലവും കുറച്ചൊക്കെ പരിഷ്കരിച്ചുകൂടെന്നില്ല; തൂൺ പിളർന്നു നരസിംഹം പ്രവേശിക്കുക മുതലായ ചില സീനുകളും രാജധാനി മുതലായ കട്ടൗം യഥോചിതം വിനിയോഗിക്കുന്നതും പക്ഷേ, ശോഭാവഹമായിരിക്കും, സ്ത്രീവേഷത്തിൻെറ മുലക്കൊരലങ്കാരം വേണമെങ്കിൽ ഇന്നത്തെ നാടകരീതിയിൽ കഷ്ടിച്ചു ഭേദപ്പെടുത്താം" എന്നൊക്കെയാണ് മി: കൃഷ്ണൻനായരുടെ അഭിപ്രായം. അതോടുകൂടിത്തന്നെ "നിലവിളക്കുമാററി ഗ്യാസ്‌ലൈററുകളോ എലക്ട്രിക്‌ലൈററുകളോ ആക്കാമെന്നുവെയ്ക്കുന്നതു് ഒരിക്കലും ശരിയല്ല. സ്ത്രീവേഷത്തെ അധികം പരിഷ്കരിച്ചാൽ അതു കഥകളി വേഷമല്ലാതെയാകും." എന്നും മററും കൂടി അദ്ദേഹം പറയുന്നുണ്ടു്. "അസഭ്യമായ ശയനം, ആലിംഗനം, ചുംബനം മുതലായവ, നാടകമോ ആട്ടക്കഥയോ സിനിമയോ ഏതായാലും, രംഗത്തിൽ പ്രയോഗിക്കുന്നതു് ഉചിതമല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു" എന്ന്, അഭിനയത്തെ സംബന്ധിച്ചുള്ള ഒരു പരിഷ്കാരനിർദ്ദേശവുംകൂടി ഗ്രന്ഥകർത്താവു ചെയ്യുന്നുണ്ടു് പാരമരപ്രീണന(?)ത്തിനായി അതിരുകവിഞ്ഞു പ്രവർത്തിക്കുന്ന നടന്മാരാണു് ഇക്കാര്യത്തിൽ അധികം ശ്രദ്ധപതിപ്പിക്കേണ്ടതെന്നു പറയേണ്ടതില്ലല്ലൊ.

ഇതാണു ഗ്രന്ഥസ്വരൂപം. ഇപ്പോൾ നിലവിലിരിക്കുന്ന പല ഐതിഹ്യങ്ങളോടും ചില അഭിപ്രായങ്ങളോടും ഗ്രന്ഥകർത്താവിനു വിയോജിക്കേണ്ടിവന്നിട്ടുണ്ടു്. അവയിൽ ചിലതു മുൻസൂചിപ്പിച്ചുവല്ലൊ. കേവലം ഗതാനുഗതികത്വംകൊണ്ടു തൃപ്തിപ്പെടാതെ, ഓരോ അഭിപ്രായത്തേയും യുക്തിയാകുന്ന ചാണയിൽ ഘർഷണം ചെയ്തതിനു ശേഷം മാത്രമേ മി: കൃഷ്ണൻനായർ കൊള്ളുകയോ തള്ളുകയോ ചെയ്യുന്നുള്ളൂ. അതിനാൽ താൻ പറയുന്ന ഏതഭിപ്രായത്തിനും തക്കതായ യുക്തി കാ

ണിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ഗവേഷകൻ, സത്യത്തിൻെറ പിന്നാലെ പോകാൻ തയ്യാറായിരിക്കയല്ലാതെ, സത്യം ഗവേഷകൻെറ പിന്നാലെ പോന്നുകൊള്ളണമെന്നു പറയുന്നതു ശരിയല്ലെന്നുള്ള തത്വം മി: കൃഷ്ണൻനായർ നല്ലപോലെ മനസ്സിലാക്കീട്ടുണ്ട്. ഇതുകൊണ്ട്, വാദഗ്രസ്തങ്ങളായ ഏതെങ്കിലും സംഗതികളെപ്പററി പറയേണ്ടിവരുമ്പോൾ, തനിക്കുള്ള യുക്തികളേയും ന്യായങ്ങളേയും ശക്തിയായ ഭാഷയിൽ രേഖപ്പെടുത്തുന്നതിലെന്നപോലെതന്നെ, എതിരാളിയോടു ബഹുമാനം പ്രദർശിപ്പിക്കുന്ന വിഷയത്തിലും പ്രശംസാർഹമായവിധത്തിലാണ് അദ്ദേഹം പ്രവർത്തിച്ചിട്ടുള്ളതു്. രാമനാട്ടത്തിൻെറ ഉത്ഭവകാലത്തെപ്പററി സന്ദർഭവശാൽ ഗ്രന്ഥകർത്താവിനു മഹാകവി ഉള്ളൂരിനോടു വിയോജിക്കേണ്ടിവന്നിട്ടുണ്ട്. ആ ഭാഗത്തു തനിക്കു പറയാനുള്ള ന്യായങ്ങളെല്ലാം കാണിച്ചതിനു ശേഷം "എൻെറ അഭിപ്രായത്തിനു പ്രതികൂലമായി അവയേക്കാൾ പ്രബലങ്ങളായ യുക്തികളോ പ്രമാണങ്ങളോ ലഭിക്കുന്നതായാൽ, അഥവാ ആരെങ്കിലും പ്രദർശിപ്പിക്കുന്നതായാൽ എൻെറ അഭിപ്രായത്തെ സസന്തോഷം മാററുന്നതിനു ഞാൻ ഇന്നും എന്നും ഒരുക്കമാണ്. ഏതുവിധമെങ്കിലും സത്യം വെളിപ്പെടണമെന്നല്ലാതെ സ്വാഭിപ്രായത്തിൽ ദുരാഗ്രഹമോ ദുശ്ശാഠ്യമോ ഇവിടെ ഉണ്ടെന്ന് ആരും തെററിദ്ധരിക്കരുതെന്നാപേക്ഷ." എന്നുകൂടി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. ഇതുകൊണ്ടും തൃപ്തിപ്പെടാതെ, "ശിഷ്യവത്സലനായ ഒരു ഗുരുനാഥനു യോജിച്ചവിധം ഗവേഷണനിപുണനായ ഉള്ളൂർ അവർകൾ അഭിപ്രായവ്യത്യാസത്തിനിടയുള്ള ഏതാനും ചില വിഷയങ്ങളെ സംബന്ധിച്ചുള്ള ഈയുള്ളവൻെറ അഭ്യൂഹങ്ങൾക്ക് എത്രത്തോളം അടിസ്ഥാനവും ദാർഢ്യവുമുണ്ടെന്നു പരീക്ഷിച്ചുനോക്കുവാനായി എൻെറ ചിന്താഗതികളെ തോദനം ചെയ്തിട്ടില്ലാതിരുന്നുവെങ്കിൽ, പ്രസ്തുത പ്രബന്ധത്തിലെ വാദപ്രകാരങ്ങൾക്ക് ഇത്രത്തോളം വൈപുല്യവും സ്ഥൈര്യവും ഒരിക്കലും സിദ്ധിക്കയില്ലായിരുന്നു. ആ മഹാകവിയോടുള്ള കടപ്പാടിൻെറ പാരമ്യത്തെപ്പററി ആലോചിക്കുമ്പോൾ ഈ ഗ്രന്ഥകാരൻെറ ഹൃദയത്തിനു സ്വല്പം സ്വാസ്ഥ്യമരുളുന്നതു്, ആചാര്യഭൂതനായ അദ്ദേഹത്തിന് അതിലേയ്ക്കു ചുമതലയുണ്ടെന്നുള്ള ബോധം ഒന്നുമാത്രമാണ്." എന്നുംകൂടി മുഖവുരയിൽ പറയുന്നു. എന്തു പ്രതിപക്ഷബഹുമാനമാണെന്നു നോക്കുക! എതിരാളിയെ കണ്ണുമടച്ചു ശകാരിക്കുന്നതാണു ഗവേഷണമെന്നു ധരിച്ചുവെച്ചിട്ടുള്ള ചില യോഗ്യന്മാർ ഈ കാര്യത്തിൽ ശ്രീമാൻ കൃഷ്ണൻനായരെ കണ്ടു പഠിക്കുന്നതു നന്നായി

രിക്കും. പ്രബലതരങ്ങളായ യുക്തികളേയും പ്രമാണങ്ങളേയും അദ്ദേഹം ക്ഷണിക്കുകയും അവയ്ക്കു സ്വാഗതമരുളാൻ സന്നദ്ധനായിരിക്കയും ചെയ്യുന്നതുകൊണ്ട്, ഇത്തരത്തിലുള്ള എതിരഭിപ്രായപ്രകടനം, ഏതു വിധം നോക്കിയാലും, ഭാഷയ്ക്കും സാഹിത്യത്തിനും ഗുണകരമായിട്ടേ കലാശിക്കയുള്ളു എന്നുള്ളതു തീർച്ചയാണല്ലോ.

കൈരളിയുടെ ഈ പുരോഗമനഘട്ടത്തിൽ, ഇത്തരത്തിലുള്ള ഒരു വിശിഷ്ടഗ്രന്ഥനിർമ്മാണത്താൽ മി: കൃഷ്ണൻനായർ ഭാഷയ്ക്ക് ഒരു വലിയ ഉപകാരമാണു ചെയ്തിട്ടുള്ളത്. അദ്ദേഹം ഭാഷാഭിമാനികളായ കേരളീയരുടെ കൃതകേതരമായ കൃതജ്ഞതയ്ക്കു വീണ്ടും അർഹനായിത്തീർന്നിരിക്കുന്നു. പ്രസ്തുത പണ്ഡിതവരേണ്യൻെറ സമർത്ഥമായ തൂലികയിൽനിന്ന് ഇനിയും പല സൽഗ്രന്ഥങ്ങൾ കൈരളിക്കു കൈവരുമാറാകട്ടെ!

വിദ്വാൻ ഏ. ഡി. ഹരിശർമ്മാ, എം. ആർ. എ. എസ്സ്.

## പുല്ലിൻെറ പ്രാർത്ഥന.

കുന്നിൻ ചെരുവിങ്കൽ നല്ലിളം പുല്ലായി
വന്നുപിറന്നു ഞാൻ വീണ്ടുമിപ്പോൾ!

വാനിൽ കളിക്കും കിടാങ്ങളോടൊപ്പമേ
നൂനമെന്നേയും രചിച്ചു ദൈവം.

അന്തരം ചിന്തിച്ചു നോക്കുകിലില്ലൊട്ടും
ഹന്ത! യൊരച്ഛൻെറ മക്കൾ ഞങ്ങൾ.

രണ്ടു ഗൃഹം തീർത്തുവെച്ചിട്ടുണ്ടെന്നച്ഛൻ:
വിണ്ടലം മന്നിടമെന്നിതുകൾ.

രണ്ടിലുമിഷ്ടംപോൽ പോയിപ്പാർത്തിടാമേ
കണ്ടീലാ ഞാനവതമ്മിൽ ഭേദം.

ഇന്നു ഞാൻ ഭൂവിലെക്കൊച്ചു പുല്ലായീടും
മിന്നീടും താരമായ് നാളെവാനിൽ.

ഞങ്ങൾക്കൊളിച്ചു കളിപ്പാനെന്നോണമാം
തുംഗമാം വാനുമിപ്പാരിടവും.

ലക്ഷോപലക്ഷമായണ്ഡകടാഹങ്ങൾ
രക്ഷിച്ചുപോരുന്നുണ്ടെൻെറയച്ഛൻ.

ജോലിത്തിരക്കാണവിടേക്കു കാണ്മീലാ
കാൽക്ഷണംപോലുമേ വിശ്രമിപ്പാൻ.

എന്നാലെന്താണെൻെറ കാര്യമശേഷവു-
മൊന്നും കുറയാതെ നോക്കീടുന്നു.

ഇത്ര കനിവുണ്ടായെന്നച്ഛനെപ്പോലെ
യിത്രിലോകത്തിങ്കലാരുണ്ടാകും!

നേരം വെളുക്കുമ്പോൾ നൽപനിനീരിങ്കൽ
നേരെ കുളിപ്പിക്കുമെന്നെയച്ഛൻ

മിന്നുന്ന മുത്തണിമാലകൾ ചാർത്തിക്കും
പൊന്നാടചുററിക്കുമെന്നരയിൽ.

തെന്നലിൻ പക്കലെയകും സുഗന്ധത്തെ-
ത്തേയ്ക്കുവാനെൻ കൊച്ചുപൂവുടലിൽ.

കൊച്ചനവനായ് കുറച്ചു കളിച്ചു ഞാൻ
പിച്ചപറഞ്ഞു രസിച്ചിടുന്നു.

ഇക്കിളിയാക്കുമിടക്കവനെന്നുടെ
താക്കിൽ പിടിച്ചു കുലുക്കിപ്പോകും.

ആടുമേയ്ക്കാൻ വരും പിള്ളർ ചിലർ പാട്ടു-
പാടി രസിപ്പിക്കാറുണ്ടിവനെ.

ആനന്ദമാനന്ദമാനന്ദമല്ലാതെ
നൂനമിപ്പാരിങ്കലൊന്നുമില്ലാ.

നേരമിരുട്ടിയാൽ നല്ല കരിമ്പടം
നീർത്തിപ്പുതപ്പിച്ചുറക്കുമച്ഛൻ.

വാനവുമെന്നെയുറക്കുവാനാഹ്ലാദാൽ
മൌനസംഗീതമുതിർത്തീടുമേ.

എത്രമനോഹരമെത്രസുഖകര
മത്രപൊറുക്കുവാനെല്ലാംകൊണ്ടും.

കൂറെൻറ പേരിലെന്നച്ഛനേറീടുന്നു:
വേറെ വിചാരമവിടേക്കില്ലാ

ഞാനെന്നു കേൾക്കുമ്പോൾ ഭ്രാന്താണവിടേക്കു
താനേ മറെറല്ലാം മറന്നീടുന്നു.

എന്നച്ഛൻ ദീർഘായുസ്സായെന്നും വാഴണേ
യെന്നാണെൻ പ്രാർത്ഥനയെല്ലായ്പ്പോഴും.

കുട്ടമശ്ശേരി നാരായണപിഷാരടി എം. എ.

## മഹാകവി കുട്ടമത്തിൻെറ ഷഷ്ട്യബ്ദപൂർത്തി മഹാമഹം

ഇക്കഴിഞ്ഞ കന്നിമാസം 23-ാംനു- ഉത്രാടം നക്ഷത്രം മഹാകവി കുട്ടമത്തിനു് അറുപതു വയസ്സു തികയുന്നു. അന്നു മഹാനവമിയാണു്. വിദ്യാപ്രദായിനിയായ സരസ്വതീദേവിയ്ക്കു് അന്നു ഭാരതമൊട്ടുക്കു് പൂജാർച്ചനകൾ നടത്തുന്ന സുദിനമായിരുന്നു. സരസ്വതീസമാരാധകനായ നമ്മുടെ മഹാകവിക്കു ഷഷ്ടിപൂർത്തി തികയുന്നതു സരസ്വതിയുടെ തിരുനാളിലാണെന്നുള്ളതു് അസാധാരണവും ആനന്ദപ്രദായകവുമായ സംഭവമാണു്. മഹാകവിയുടെ ഷഷ്ട്യബ്ദപൂർത്തിദിനം സാഹിത്യരസികന്മാരായ മലയാളികൾ

ഉള്ള ലോകത്തിലെവിടേയും ഇനിയും കൊണ്ടാടേണ്ടതാണ്. നമ്മുടെ മഹാകവിയെ നാം ബഹുമാനിക്കുന്നുവെന്നു പറഞ്ഞാൽ നമ്മേയും കേരളത്തേയും കൈരളിയേയും ഗീർവ്വാണിയേയും നാം ബഹുമാനിക്കുന്നു എന്നാണർത്ഥം. തുഞ്ചനും കുഞ്ചനും ചെറുശ്ശേരിയും സ്വച്ഛന്ദവിഹാരം ചെയ്ത കൈരളിത്തറവാട്ടിലെ നായകന്മാരിൽ ഒട്ടും അപ്രധാനനല്ലാത്ത ശ്രീമാൻ മഹാകവി കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ് അവർകൾക്ക് ഒരു മാസം മുമ്പുതന്നെ ഞങ്ങൾ സർവ്വമംഗളങ്ങളും ആശംസിച്ചിട്ടുണ്ടെങ്കിലും ഇന്നും എന്നും ഞങ്ങൾ ആ പുണ്യാത്മാവിനു ദീർഘായുസ്സും അരോഗദൃഢഗാത്രതയും സർവ്വൈശ്വര്യങ്ങളും അരുളുവാൻ സർവ്വശക്തനായ ജഗദീശ്വരനോടു പ്രാർത്ഥിച്ചുകൊള്ളുന്നു.

## ഷഷ്ടിപൂർത്തിമംഗളം.

ത്വിട്ടാളും കവനങ്ങൾ—അല്ല, വിജയ-
സ്തംഭങ്ങൾ തൻ കൂട്ടമീ
നാട്ടിൽ പുഷ്ടികലർന്നമട്ടിലധികം
നാട്ടും വിശിഷ്ടാശയൻ—
തുഷ്ട്യാ വെണ്മചൊരിഞ്ഞെടുത്തു വരുമീ-
ഷഷ്ട്യബ്ദപൂർത്തിക്കു കൈ
നീട്ടും സൽകവി—"കുട്ടമത്തു" സുചിരം
വാഴേണമേ! ദൈവമേ!!

ബാലകൃഷ്ണപ്പണിക്കർ, മൂണ്ടൽ.

### I

ജ്ഞാനം വയസ്സിവയിലത്യധികം പ്രവൃദ്ധൻ
നൂനം നവാശയമതിൽപ്പുതുയൌവനാഢ്യൻ—
ഗാനങ്ങളാൽ സകലപേക്ഷകർക്കരുന്നി-
ലാനന്ദമേറ്റമരുളുന്നൊരു കോകിലൌഘം.

### II

ഇക്കൈരളിക്കു നവകാവ്യസുമോപഹാരം
തൃക്കാല്ക്കൽ വെച്ചരുളുവോരു മഹാ കവീന്ദ്രൻ—
ശ്രീ "കുട്ടമത്തു"—ചിരമൂഴിയിൽ വാണിടേണ-
മാരോഗ്യലക്ഷ്മി തഴുകുന്നൊരു മെയ്യുമായി.

വിദ്വാൻ & സാഹിത്യശിരോമണി, കെ. നിലകണ്ഠൻ നമ്പിശൻ, തൃശ്ശൂർ.

പുലരിതൻ പുഞ്ചിരിയാം സ്വരകരപൂരം ചാർത്തി-
യലഘുഭാസുരയാമെൻ വാസരനാഥേ!
സ്വാഗതം തേ; വരാം വരാ;മെത്രനാളായ് കാത്തിരിപ്പൂ
ജഗത്താകെത്തവാലോകകൈവല്യമെല്ലാം. 1

സത്യമാകും മരക്കൊമ്പിൽ—സ്വാതന്ത്ര്യമാം ചില്ലയിങ്ക-
ലത്യുദാരമേറിക്കൂടി ലോകരെയെല്ലാം
ദേശീയഗാനാമൃതത്തിലാറാടിക്കും കുയിലേ! വൈ-
ദേശികാഡംബരമററ ദേശികവസ്തു! 2

കുട്ടമത്തെപ്പൂർവ്വപുണ്യപ്രകരമേ! തവ കഷ്ടാ-
രിഷ്ടമേതുമേററിടാതെ രക്ഷിക്കുമീശൻ.
ഇലകളാം തലയാട്ടിപ്രകൃതിയും മർമ്മരത്താ-
ലലമലം ജയാശിസ്സു ഘോഷിച്ചിടുന്നു. 3

അറുപതാം പിറന്നാളെ! യറുതിയററീക്ഷോണിത-
ന്നറുതിനാൾവരേക്കേവമണഞ്ഞിടേണം.
ഇടംകയ്യിൽ കടിഞ്ഞാണും, വലത്തേതിൽ ചമ്മട്ടിയു-
മടരോർത്തു ഭയംതേടും പാർത്ഥൻെറ നേരെ. 4

ചിദ്രസദൃഷ്ടിയുമായിഗ്ഗീതാമൃതം പൊഴിച്ചോനേ!
ഭദ്രമൂർത്തേ! ഭഗവാനേ! പാർത്ഥസാരഥേ!
കൈരളിയും ഗൈർവ്വാണിയും പരസ്പരവൈരം കൂടാ-
തുരുരസം വിഹരിക്കും വിലാസസൌധം; 5

മാതൃഭക്തനാദ്ധ്യാത്മികതത്വവേദി, ലോകാർത്ഥമായ്
'മാതൃഭൂമി'തന്നങ്കത്തിൽ തപിച്ചിടുന്നോൻ,
കുട്ടമത്തു കുന്നിയൂരെ'പ്പണ്ഡിതപ്രകാണ്ഡങ്ങൾ തൻ
ഇഷ്ടമൂർത്തി 'കുഞ്ഞികൃഷ്ണക്കുറുപ്പീ'മട്ടിൽ
ഷഷ്ടിപൂർത്തിമഹാമഹം ഘോഷിച്ചുംകൊണ്ടായിരാണ്ടു
വിഷ്ടപത്തിലമരുവാൻ ദൃഷ്ടിവെക്കേണം. 6

നടുവത്തു ശങ്കരൻ നമ്പൂരി.